കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# തൃക്കോവിൽവട്ടം ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.**
**e-mail:doklm.ksad@kerala.gov.in**

കെ.എസ്.എ.കെ.എൽ.എം.പി.7-976/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
ചിന്നക്കട, കൊല്ലം.
ഫോൺ - 0474 2740141
ഇ-മെയിൽ - doklm.ksad@kerala.gov.in
തീയതി :05/08/2019
03/09/2019

ഡെപ്യൂട്ടി ഡയറക്ടർ
പ്രസിഡന്റ്( സെക്രട്ടറി മുഖേന)

തൃക്കോവിൽവട്ടം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം: തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും, ഭാഗം 3ലെയും എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

**ഡെപ്യൂട്ടി ഡയറക്ടർ**

<u>പകർപ്പ്</u>

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
3. ഓഫീസ് കോപ്പി

കെ.എസ്.എ/കെ.എൽ.എം/പി.7-976/2019 തീയതി : 05/08/2019

03/09/2019

## കൊല്ലം ജില്ലയിലെ തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

കൊല്ലം ജില്ലയിലെ ***തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിന്റെ 2018-19*** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.07.2018 മുതൽ 16.06.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ സൈമൺ കെ , ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17.06.2019 മുതൽ 27.06.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.മണിലാൽ.വി, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| | ശ്രീ. മന കെ നായർ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി . മഞ്ജുളാ സാഗർ |

| | |
|---|---|
| | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ബിന്ദു നായർ, ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. സുലോചന.ജെ | 1-04-2018 മുതൽ 31-03-2019 വരെ |
| സെക്രട്ടറി | ശ്രീ.ജയചന്ദ്രൻ നായർ. റ്റി | 1.04.2018 മുതൽ 31.03.2019 വരെ |
| **നിർവ്വഹണ ഉദ്യോഗസ്ഥർ** | | |
| **ഉദ്യോഗപ്പേര്** | **പേര്** | **കാലയളവ്** |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.തങ്കമ്മ.വി | 1-4-18 മുതൽ 9-08-18 വരെ |
| | ജോൺ ഡെസ്മൺ | 10.08.18 മുതൽ 31-03-2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ഷീല.എസ് | 01.4.18മുതൽ 25.11.18 വരെ |
| | ശ്രീമതി.സിനി പി (ഇൻചാർജ്ജ്) | 26.11.18മുതൽ 5.03.19 വരെ |
| | ശ്രീമതി.പ്രബിഷ പി. ആർ | 6.3.19 മുതൽ 31.03.19 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.റജീന ജേക്കബ് | 01.04.2018 മുതൽ 1.03.2019 വരെ |
| | നവാസ് ഡി | 02.03.2019 മുതൽ 10.3.2019 വരെ |
| | ശ്രീമതി.കൃഷ്ണ എസ് എസ് | 11.03.2019 മുതൽ 31.03.2019വരെ |
| വെറ്റിനറി സർജൻ | ശ്രീമതി.ജിനി ആനന്ദ് | 01.04.2018 മുതൽ 13.09.2018 വരെ |
| | ഡോ. ശ്യാം സുന്ദർ | 14.9.2018 മുതൽ 31.03.2019വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീമതി.റീന ജേക്കബ് | 01.04.2019 മുതൽ 22.11.2018 വരെ |
| | ശ്രീമതി.നൗഫിയ | 22.11.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ.കോളിൻ.ബി. | 01.04.2018 മുതൽ |

| | | |
|---|---|---|
| (പി.എച്ച്.സി) | ഫെർണാണ്ടസ് | 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ഹീരാ രത്നം | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ദിലീപ് ചന്ദ്രൻ ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി.ജലീല ബീവി.എം | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ഷീല എസ് | 01.04.2018 മുതൽ 31-03-19 വരെ |
| | ശ്രീമതി.രമ്യ ആർ | 06.07.2018 മുതൽ 31-03-19 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓാഫീസർ | ശ്രീമതി.അജിത എം വി (കണ്ണനല്ലൂർ) | 01.04.2018 മുതൽ 31.03.2019 വരെ |
| | ശ്രീ.അനോയ് വി നായർ (ഹെഡ് ക്വാർട്ടേഴ്സ്) | 11.03.2018 മുതൽ 31.03.2019 വരെ |
| | ശ്രീമതി.ഷീബ എം കെ (വെട്ടിലതാഴം) | 1.04.18 മുതൽ 31.03.19 വരെ |

## ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രികപരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| | | |

| | | |
|---|---|---|
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ. | 1-12 |
| | ഭാഗം 2 | |
| 13 | ഫണ്ട് വിനിയോഗം -നിർവ്വഹണത്തിലെ വീഴ്ചമൂലം പദ്ധതിപ്പണം വലിയ തോതിൽ നഷ്ടപ്പെടുന്നു. | 2-1 |
| 14 | അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫീ ഒടുക്കുവരുത്തിയിട്ടില്ല. | 2-2 |
| 15 | സ്ഥാപന തൊഴിൽ നികുതി ഒടുക്ക് വരുത്തിയിട്ടില്ല | 2-3 |
| 16 | വാടക ഈടാക്കുന്നില്ല. | 2-4 |
| | ഭാഗം 3 | |
| 17 | പാണംതുണ്ടിൽ- കിണറുവിള റോഡ് റീടാറിംഗ്-പൈപ്പ് ലൈനിനുവേണ്ടി വെട്ടിക്കുഴിച്ച റോഡിന് പുനസ്ഥാപനചാർജ് ഈടാക്കിയില്ല-ഗ്രാമപഞ്ചായത്തിന് 3,42,133/-രൂപയുടെ നഷ്ടം. | 3-1 |
| 18 | "പഴയ ഇലക്ട്രിസിറ്റി"- കള്ളിക്കാട് റോഡ് കോൺക്രീറ്റിംഗും കൾവർട്ട് നിർമ്മാണവും-കുഴിച്ചെടുത്ത മണ്ണ് കുറവ് ചെയ്തില്ല. 20,589/- രൂപയുടെ നഷ്ടം. | 3-2 |
| 19 | ഇന്റർലോക്കിംംഗ്- നടപ്പാതയുടെ വീതി കണക്കിലെടുക്കാതെ കനം കൂടിയ ടൈലുകൾ ഉപയോഗിക്കുന്നു. | 3-3 |
| 20 | തൊഴിലുറപ്പുപദ്ധതി - അവലോകനം | 3-4 |
| 21 | കാലഹരണപ്പെട്ട മരുന്നുകൾ ഔഷധിയിൽ നിന്നും ലഭിച്ചു | 3-5 |
| 22 | വാങ്ങലുകൾക്ക് വിവിധ ക്വട്ടേഷൻ നൽകി, സിഡ്കോയിൽ നിന്നും ക്വട്ടേഷൻ കൂടാതെ നേരിട്ടു വാങ്ങാൻ പാടില്ലാത്ത ഉപകരണങ്ങൾ ക്വട്ടേഷനില്ലാതെ നേരിട്ടു വാങ്ങി. | 3-6 |
| 23 | പാലിയേറ്റീവ് കെയർ പദ്ധതി - അപാകതകൾ | 3-7 |
| 24 | എസ്.എസ്.എ വിഹിതം അടവാക്കൽ- വിശദമായ വിനിയോഗ സാക്ഷ്യപത്രമില്ല. | 3-8 |
| 25 | നെൽകൃഷിയ്ക്ക് തുക നൽകിയതിലെ അപാകതകൾ. | 3-9 |
| 26 | ജലസംഭരണ ടാങ്ക് വാങ്ങൽ – പ്ലാൻഫണ്ടിൽ നിന്നും അധികം തുക ചെലവഴിച്ചു | 3-10 |
| | | |

| | | |
|---|---|---|
| 27 | സർക്കാർ ഉത്തരവിന് വിരുദ്ധമായി എൽ.പി.സ്കൂളിലെ ബസിന്റെ ഡ്രൈവർക്കു ശമ്പളം, മറ്റു ആവർത്തന ചെലവുകൾക്കു തുക ചെലവഴിച്ചു. | 3-11 |
| 28 | ലൈഫ് മിഷൻ പദ്ധതി-അവലോകനം | 3-12 |
| 29 | തുടർ നിരീക്ഷണമില്ലാതെ നിരീക്ഷണ ക്യാമറകൾ | 3-13 |
| 30 | ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും തുക വകയിരുത്തിയിട്ടും ചെലവഴിക്കാതെ തനതുഫണ്ടിൽ നിന്നും മാത്രം തുക ചെലവഴിച്ചു. | 3-14 |
| 31 | മഴക്കാല പൂർവ ശുചീകരണം – മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചില്ല. | 3-15 |
| 32 | 30 സെന്റ് നെൽകൃഷി ചെയ്തത വ്യക്തിയ്ക്ക് 100 സെന്റ് നെൽകൃഷി ചെയ്തതിന്റെ ആനുകൂല്യം നൽകി. | 3-16 |
| | ഭാഗം 4 | |
| 33 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 34 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 36 | വായ്പാ/ വായ്പാ തിരിച്ചടവ് | 4-4 |
| 37 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 38 | ഓഡിറ്റ് റിക്കവറി | 4-6 |
| 39 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 40 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 42 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 43 | അനുബന്ധം -1, ഓഡിറ്റ് സാക്ഷ്യപത്രം 2018-19 | 1 |
| 44 | അനുബന്ധം -2, അനുബന്ധപത്രികകൾ | 2 |



## ഭാഗം -1
## പൊതു അവലോകനം

## 1-1 ബജറ്റ്

21/3/2018തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട | ലഭിച്ച | അപാകത പരിഹരിക്കാൻ | അപാകത പരിഹരിച്ച് |
|---|---|---|---|

| തീയതി | തീയതി | തിരിച്ചയച്ച തീയതി | ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 23.5.19 | --- | --- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 17.6.2019 | കെ.എസ്.എ.കെ.എൽ.എം. പി.7-976/19, തീയതി 30-8-19 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,29,63,007 |
| വരവ് | 19,93,49,413 |
| ആകെ | 23,23,12,420 |
| ചെലവ് | 17,58,20,780 |
| നീക്കിയിരിപ്പ് | 5,64,91,640 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ACR പ്രകാരം) | 0 | 3,39,71,000 | 3,39,71000 | 3,19,10,743 | 20,60,257 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | 0 | 1,61,55,000 | 1,61,55,000 | 1,40,56,177 | 20,98,823 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 94,58,000 | 94,58,000 | 90,41,203 | 4,16,797 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 62,49,000 | 62,49,000 | 61,09,049 | 1,39,951 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 1,85,32,593 | 1,85,32,593 | 1,56,89,521 | 28,43,072 |
| പെർഫോമൻസ് | 0 | 0 | 0 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാൻറ് | | | | | | |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | | 0 | 2,33,80,207 | 2,33,80,207 | 2,33,80,207 | 0 |
| | | 11,117 | 4,23,088 | 4,34,205 | 4,12,030 | 22,175 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | | 5,06,254 | 1,26,89,188 | 1,31,95,442 | 1,10,17,017 | 21,78,425 |
| ബി ഫണ്ട് | | 0 | 11,91,720 | 11,91,720 | 11,91,720 | |
| തനത് ഫണ്ട് | ബാങ്ക് | 2,99,04,720 | 5,52,53,721 | 85158441 | 3,94,47,225 | 4,57,11,216 |
| | ട്രഷറി റ്റി.എസ്.ബി | 18,92,665 | 5,27,68,797 | 5,46,61,462 | 4,61,33,844 | 85,27,618 |
| മറ്റിനം | | 6,48,251 | 52,206 | 7,00,457 | 6,48,251 | 52,206 |

(കുറിപ്പ് - 31.3.2018 ലെ ചെലവ് 9,50,000/-രൂപ ചെക്ക് മാറാത്തതിനാൽ സ്റ്റെയിൽ ചെക്ക് ഇനത്തിൽ ഉൾപ്പെടുത്തി പുതിയ ചെക്ക് 24.4.18 ൽ ഇഷ്യൂ ചെയ്തതാണ്.)

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 257 | 22,81,05,736 | 201 | 14,67,41,683 | 20 | 36 | 78 |
| | 9,59,54,960 (പ്ലാൻ) | 9,59,54,960 (പ്ലാൻ) | | | | |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 11,117 | 4,23,088 | 4,34,205 | 4,12,030 | 22,175 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 2,33,80,207 | 2,33,80,207 | 2,33,80,207 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 7,71,720 | 467 |
| | | |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 38,07,200 | 952 |
| വിധവാപെൻഷൻ | 3,12,10,900 | 8651 |
| വാർദ്ധക്യകാലപെൻഷൻ | 3,43,73,900 | 9086 |
| വികലാംഗപെൻഷൻ | 1,12,91,200 | 2649 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.06.2019-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 36,438/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

- ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.
- ബജറ്റ് സംവിധാനത്തിലൂടെ വരവു ചെലവുകൾ അവലോകനം ചെയ്തു വരുന്നുണ്ട്.
- അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്.
- വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തുന്നുണ്ട്.
- തനതുവരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണമെന്നാണ് വ്യവസ്ഥ.(സർക്കുലർ നം.58725/എഫ്.എം.3/18/ത.സ്വ.ഭ.വ./26.5.2011). എന്നാൽ ഗ്രാമപഞ്ചായത്തിൽ ട്രഷറി അക്കൗണ്ടിന് പുറമേ ഇ-പേയ്മെന്റിന് ഉൾപ്പടെ മൂന്ന് ബാങ്ക് അക്കൗണ്ടുകൾ തനതുഫണ്ടിന് വേണ്ടി നിലനിർത്തിയിരിക്കുന്നു.
- സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ ഗുണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു.
- സാമ്പത്തിക വർഷാവസാനം ബാങ്ക് നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുത്തുന്നുണ്ടെങ്കിലും എല്ലാ മാസങ്ങളിലും തുടർച്ചയായി ഇതു ചെയ്തു സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.
- തൻവർഷം വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള പല കെട്ടിടങ്ങളും "സഞ്ചയ" സോഫ്റ്റ് വെയറിൽ ഫോം-6-ൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ഡിമാന്റ് രജിസ്റ്ററിൽ വന്നിട്ടില്ല.
- ചെലവുകൾ കണക്കിലുൾപ്പെടുത്തുമ്പോൾ അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മൂലധനച്ചെലവെന്നും റവന്യൂചെലവെന്നും വേർതിരിക്കുന്നതിൽ അപാകത നിലനിൽക്കുന്നു.
- സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പരുകൾ നല്കി ആസ്തിരജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് | റിപ്പോർട്ട് |
|---|---|---|---|

| | | | |
|---|---|---|---|
| | നടത്തിയ തീയതി | കാലയളവ് | ലഭിച്ച തീയതി |
| പെർഫോമൻസ് ഓഡിറ്റ് | 15/5/2019 | 2/2019&3/2019 | 15/5/2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15/2/2018 | 2012-13 മുതൽ 2016-17 വരെ | 16/2/2018 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1. ബി-3 ഷെഡ്യൂൾ പ്രകാരം ക്യാപ്പിറ്റൽ കോൺട്രിഷൻ ഇനത്തിൽ 60,185,948/- രൂപയാണുള്ളത്. ആയത് ബി-11 + ബി-11(എ) യുമായി തുല്യത പാലിക്കുന്നില്ല. വ്യത്യാസം 4,99,141/-രൂപ . ഈ തുക മെയ്ൻറനൻസ് ഗ്രാൻറ് /തനതു ഫണ്ട് ആസ്തി സൃഷ്ടിക്കുന്നതിനു വേണ്ടി ഉപയോഗിച്ചുവോയെന്ന് വ്യക്തമല്ല.

2. ബി-5 (സെക്വേർഡ് ലോൺ) ഉം ബി-16 (പ്രീ-പെയ്ഡ് എക്സ്പെൻസ്) ഉം തമ്മിൽ 536/- രൂപയുടെ വ്യത്യാസമുണ്ട്.

3. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം കോൺട്രാക്റ്റേഴ്സ് ഇ.എം.ഡി ഇനത്തിൽ കാലഹരണപ്പെട്ട 26,100/-രൂപ തനതുഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.

4. ബി-11 ഷെഡ്യൂളിൽ 13 ലക്ഷം രൂപ മൂല്യം കണക്കാക്കി ബയോ ഗ്യാസ് പ്ലാൻറിനെ ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ബയോ ഗ്യാസ് പ്ലാൻറിനെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

5.പ്രോപ്പർട്ടി ടാക്സ് - സഞ്ചയ- സാംഖ്യ സ്റ്റേറ്റ്മെൻറുകളിൽ പ്രകടമായ വ്യത്യാസം നിലനിൽക്കുന്നു.

6. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

7. B14 ഷെഡ്യൂൾ പ്രകാരം ക്ലോസിംഗ് സ്റ്റോക്കായി 1,20,000/- കാണിച്ചിരിക്കുന്നത് സ്റ്റേഷനറി ഇനങ്ങളാണ്. ഇത് റവന്യൂ ചെലവുകളാണ്. ആയതിനാൽ പ്രിന്റിംഗ് & സ്റ്റേഷനറി ഹെഡ്ഡിൽ ഉൾപ്പെടുത്തേണ്ടതാണ്.

8. സംയുക്ത പ്രോജക്ടുകളുടെ ആകെ ചെലവ് വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

9. ബി-18 ഷെഡ്യൂളുകളിലെ മൊത്തം ചെലവ് തൻവർഷടയൽ ബാലൻസിൽ ക്രയവിക്രയമായി കാണിച്ചിട്ടില്ല.

Statement of Discrepancies

1. The amount of capital contribution as per B -3 Schedule is Rs. 6,01,85,948/-. But this is not agreeing with B11+ B11(a) Schedules. Whether the difference of Rs. 4,99,141/- is used

for creation of any asset in the head of own fund/ maintenance fund is not convinced.

2. There is difference of Rs. 536/- between B-5 Schedule (Seccured Loan) & B-16 (pre paid expenses)

3. As per the Deposit Register an amount of Rs. 26,100/- in the head of Contractor's EMD which is already time barred is not yet forfeited.

4. In the B11 – Schedule the asset value of the Bio- gas plant Rs. 13 Lakhs is included. But it is not yet included in the asset register.

5.Property tax – a visible difference is seen in the Sanchaya – Sankhya Statement.

6. Asset Register is not updated

7. As Per the Balance Sheet B14 Schedule Rs. 120000/- is shown as Balance of Stationary items. As this is a revenue expenditure, it had to be accounted as expenditure for printing & stationary.

8. The total expenditure of Joint venture projects are not agreeing with the Annual Financial Statement .

9. The transaction of the total expenditure in the B18 Schedule is not accounted in the trial balance of the current year.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഫണ്ട് വിനിയോഗം -നിർവ്വഹണത്തിലെ വീഴ്ചമൂലം പദ്ധതിപ്പണം വലിയ തോതിൽ നഷ്ടപ്പെടുന്നു.

ഓഡിറ്റ് കാലയളവിൽ ഗ്രാമപഞ്ചായത്ത് അംഗീകരിച്ച വാർഷിക പദ്ധതി പ്രകാരം ലഭിച്ച വിവിധ ഫണ്ടുകൾ സമയബന്ധിതമായി ചെലവഴിക്കുന്നതിൽ വീഴ്ച വന്നതുമൂലം 75,58,900/- രൂപയുടെ പദ്ധതിപ്പണം തൻവർഷം ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | തൻവർഷ അലോട്ട്മെന്റ് | ചെലവഴിച്ച തുക | ചെലവ് ശതമാനം | സഞ്ചിത നിധിയിലേക്ക് തിരികെപ്പോയ തുക |
|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം | 3,39,71,000 | 3,19,10,743 | 93.93 | 20,60,257 |
| വികസനഫണ്ട് (എസ്.സി.പി.) | 1,61,55,000 | 1,40,56,177 | 87 | 20,98,823 |
| വികസനഫണ്ട്(ടി.എസ്.പി.) | -ഇല്ല- | -ഇല്ല- | -ഇല്ല- | |
| സംരക്ഷണ ഗ്രാന്റ് | 1,57,07,000 | 1,51,50,252 | 96.45 | 5,56,748 |
| 13-)o ധനകാര്യ കമ്മീഷൻ | 1,85,32,593 | 1,56,89,521 | 84.66 | 28,43,072 |
| ആകെ | 8,43,65,593 | 7,68,06,693 | 91 | 75,58,900 |

തൻവർഷം അംഗീകാരം ലഭിച്ച ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം, വിവിധ സ്കൂളുകൾക്ക് ടോയിലറ്റ്, ഷീ ടോയ്ലറ്റ് നിർമ്മാണം, കുടുംബശ്രീ യൂണിറ്റുകൾക്ക് തുണിസഞ്ചി നിർമ്മാണം തുടങ്ങിയ പ്രോജക്ടുകൾ തൻവർഷം നടപ്പാക്കിയില്ല. സംരക്ഷണ ഗ്രാന്റിനത്തിൽ ലഭിച്ച തുകയുടെ വിനിയോഗത്തിലും തൻവർഷം കുറവുണ്ടായിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനും ഉല്പാദന, സേവനമേഖലയുടെ വളർച്ചയ്ക്കും ലഭ്യമായ തുകയാണ് ഉപയോഗപ്പെടുത്താതിരുന്നത്. നടപ്പിൽ വരുത്തുവാൻ കഴിയുന്ന പദ്ധതികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ കഴിയാതിരുന്നതിനാലാണ് ഗ്രാമപഞ്ചായത്തിന് മേൽ സൂചിപ്പിച്ച പ്രകാരം പദ്ധതിപ്പണം തൻവർഷം ഉപയോഗപ്പെടുത്താൻ കഴിയാതെ പോയത്. കൂട്ടായ പ്രവർത്തനത്തിലൂടെ പരമാവധി ധനവിനിയോഗം ഉറപ്പ് വരുത്തുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 2-2 അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പ്രവൃത്തികളുടെഇ-ടെണ്ടർ ഫീ ഒടുക്കുവരുത്തിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്തയിനത്തിൽ തൻവർഷം ലഭിച്ച ടെണ്ടർ ഫീയായ 73,928/- രൂപയും ജി.എസ്.ടി. 8,872/- രൂപയും ഉൾപ്പടെ 82,800/- രൂപ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ഒടുക്കുവരുത്തിയിട്ടുള്ളത്. ഈ തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് തിരികെ ഒടുക്കുന്നതിനും നികുതി സർക്കാർ ഫണ്ടിൽ യഥാസമയം ഒടുക്കു വരുത്തുന്നതിനുമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 സ്ഥാപന തൊഴിൽ നികുതി ഒടുക്ക് വരുത്തിയിട്ടില്ല

2018-19 വർഷം പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിച്ചിരുന്ന ബി.എസ്.എൻ.എൽ , മുഖത്തല എന്ന സ്ഥാപനം ഓരോ അർദ്ധ വർഷവും പഞ്ചായത്തിൽ ഒടുക്കേണ്ട സ്ഥാപന തൊഴിൽ നികുതി ഒടുക്ക് വരുത്തിയിട്ടില്ലെന്ന് തൊഴിൽ നികുതി രജിസ്റ്റർ പരിശോധനയിൽ കണ്ടെത്തി. ഇതു സംബന്ധിച്ച നൽകിയ എൻക്വയറിക്ക് 3 ദിവസത്തിനകം അടവാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ബി.എസ്.എൻ.എൽ., മുഖത്തല എന്ന സ്ഥാപനത്തിൽ തൊഴിൽ നികുതി ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. – നം.7/22.6.19**

## 2-4 വാടക ഈടാക്കുന്നില്ല

വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന കുടുംബശ്രീ വിപണന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്ന മുറികളിൽ നിന്നും വാടക കുടിശ്ശിക ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | വ്യക്തിയുടെ പേര് | വാടക തുക | ആകെ വാടക | ഈടാക്കിയത് | കുടിശ്ശിക 2018-19 |
|---|---|---|---|---|---|
| 1 | ഹയറുനിസ്സ കുടുംബശ്രീ വിപണനകേന്ദ്രം ന്യൂസ്റ്റാൾ-4 | 882 | 882X12=10584 | 0 | 10584 |
| 2 | ഷീജ കുടുംബശ്രീ വിപണനകേന്ദ്രം ന്യൂസ്റ്റാൾ-5 | 607 | 607X12=7284 | 0 | 7284 |
| 3 | സുഹർബാൻ കുടുംബശ്രീ വിപണനകേന്ദ്രം ന്യൂസ്റ്റാൾ-6 | 607 | 607X12=7284 | 0 | 7284 |
| 4 | സുജാത കുടുംബശ്രീ വിപണനകേന്ദ്രം ന്യൂസ്റ്റാൾ-8 | 551 | 551X12=6612 | 0 | 6612 |
| | | | | ആകെ | 31,764/- |

മേൽ പറഞ്ഞ കുടുംബശ്രീ വിപണന കേന്ദ്രങ്ങൾ പ്രവൃത്തിക്കുന്ന യൂണിറ്റുകളുമായി വാടക കരാർ വച്ചിട്ടുണ്ടോയെന്നും , വാടക കുടിശ്ശിക ഈടാക്കാത്തതിന്റെ കാരണവും വ്യക്തമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി ലഭ്യമാക്കിയ മറുപടി പ്രകാരം കുടുംബശ്രീ വിപണനകേന്ദ്രം ന്യൂസ്റ്റാൾ-5 വാടകക്കരാർ വെച്ചിട്ടില്ല. കടമുറികളിൽ പ്ളംബിംഗ്,

ഇലക്ട്രിഫിക്കേഷൻ, ടോയ്ലറ്റ് എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതിനാൽ ടിയാളുകൾ വാടക കുടിശ്ശിക ഒടുക്കവരുത്തിയിരുന്നില്ല. വാടകക്കരാറിൽ ഏർപ്പെടാതിരുന്നതിന് സംബന്ധിച്ച് അജണ്ട – 7 /23.5.2018 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 7-ാം നമ്പർ തീരുമാന പ്രകാരം ലീഗൽ ഒപ്പീനിയൻ വാങ്ങി തുടർ നടപടി സ്വീകരിക്കുന്നതിന് അറിയിച്ചതുപ്രകാരം തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

കുടുംബശ്രീ വിപണനകേന്ദ്രം ന്യൂസ്റ്റാൾ-6, 8 എന്നിവയുടെ 2018-19 വർഷത്തെ എഗ്രിമന്റ് 27.6.19 ൽ ഹാജരാക്കിയിട്ടുണ്ട്. കുടുംബശ്രീ വിപണനകേന്ദ്രം ന്യൂസ്റ്റാൾ- 4 ന്റെ വാടക കരാർ ശ്രീമതി ഹയറുന്നിസ വച്ചിട്ടുണ്ട്. ടിയാൻ വാടക ഒടുക്ക വരുത്തിയിട്ടില്ല. ടി തുക ഒടുക്ക വരുത്തുന്നതിനായി ആർ ആർ നോട്ടീസ് നൽകിയിട്ടുണ്ട് എന്ന മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എഗ്രിമെന്റ് വെയ്ക്കാത്ത കടമുറികൾക്ക് അടിസ്ഥാന സൗകര്യം ലഭ്യമാക്കി വാടക കുടിശ്ശിക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം.3/19.6.2019.**

## <u>ഭാഗം -3</u>

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### 3-1 പാണംതുണ്ടിൽ- കിണറുവിള റോഡ് റീടാറിംഗ്-പൈപ്പ് ലൈനിനുവേണ്ടി വെട്ടിക്കുഴിച്ച റോഡിന് പുനസ്ഥാപനചാർജ് ഈടാക്കിയില്ല-ഗ്രാമപഞ്ചായത്തിന് 3,42,133/- രൂപയുടെ നഷ്ടം.

പ്രോജക്റ്റ് നം. : 246/19(സ്പിൽ ഓവർ)

പേര് : പാണംതുണ്ടിൽ കിണറുവിള റോഡ് റീടാറിംഗ്

അടങ്കൽ: 6,66,000/-രൂപ

ഫണ്ടിനം : മെയിന്റനൻസ് ഗ്രാന്റ് (റോഡ്)

സാങ്കേതികാനുമതി തീയതി: 21.7.2017

നിർവ്വഹണോദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ

കരാറുകാരൻ : ശ്രീ ഹസ്സൻ

കരാർ : 57/17-18/5.1.2018

അളവുപുസ്തകം:നം.49/2018

ചെലവ് : 6,09,246/-രൂപ

ബിൽ നം. :89/13.8.2018

പാണംതുണ്ടിൽ കിണറുവിള റോഡ് റീടാറിംഗ് നടത്തുന്നതിനുള്ള ടി പ്രോജക്റ്റിന്റെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം ഇതിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി വെട്ടിക്കുഴിച്ചതുമൂലം 480 മീറ്റർ നീളത്തിലും ഒരു മീറ്റർ വീതിയിലും പ്രസ്തുത റോഡിന്റെ ഭാഗം മെറ്റലിംഗും ടാറിംഗും ചെയ്ത് പുനസ്ഥാപിക്കുന്നതും ഉൾപ്പെട്ടിട്ടുണ്ട്. ഇതിനുവേണ്ടി 3,42,133/- രൂപ ചെലവഴിച്ചിട്ടുണ്ട്. വെട്ടിക്കുഴിച്ച റോഡ് പുനസ്ഥാപിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പിൽനിന്നും തുക ഈടാക്കിയിട്ടുണ്ടോയെന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല . ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ് പൈപ്പ് ലൈനിനുവേണ്ടി വെട്ടിക്കുഴിച്ചത് പുനസ്ഥാപിച്ചയിനത്തിൽ ഗ്രാമപഞ്ചായത്തിന് നഷ്ടമായ 3,42,133/- രൂപയുടെ വിശദാംശം ചുവടെ ചേർക്കുന്നു;

ഇനം നം.1:

ഡി.എസ്.ആർ.കോഡ്-4.9:വെറ്റ് മിക്സ് മക്കാഡം 71.21 ക്യൂ.മീറ്റർ ചെയ്തതിന് ക്യൂ.മീറ്ററിന് 2,900/- രൂപ നിരക്കിൽ =2,06,509/-രൂപ

ഇനം നം.2:

ഡി.എസ്.ആർ.കോഡ്-75.5.1.1pb : പ്രൈം കോട്ട് 480 സ്ക്വയർ മീറ്റർ ചെയ്തതിന് സ്ക്വയർ മീറ്ററിന് 45/- രൂപ നിരക്കിൽ =21,600/-രൂപ

ഇനം നം.3:

ഡി.എസ്.ആർ.കോഡ്-75.5.2.2pb : ടാക്ക് കോട്ട് 480 സ്ക്വയർ മീറ്റർ ചെയ്തതിന് സ്ക്വയർ മീറ്ററിന് 10.55/- രൂപ നിരക്കിൽ =5,064/-രൂപ

ഇനം നം.4:

ഡി.എസ്.ആർ.കോഡ്-75.5.9.1.2pb : പ്രീമിക്സ് കാർപ്പെറ്റ് 480 സ്ക്വയർ മീറ്റർ ചെയ്തതിന് സ്ക്വയർ മീറ്ററിന് 162/- രൂപ നിരക്കിൽ =77,760/-രൂപ

ഇനം നം.5:

ഡി.എസ്.ആർ.കോഡ്-75.5.12A.3.2pb : സീൽ കോട്ട് 480 സ്ക്വയർ മീറ്റർ ചെയ്തതിന് സ്ക്വയർ മീറ്ററിന് 65/- രൂപ നിരക്കിൽ =31,200/-രൂപ

**ആകെ =3,42,133/- രൂപ**

മേൽ സൂചിപ്പിച്ചയിനത്തിൽ ഗ്രാമപഞ്ചായത്തിന് നഷ്ടമായ 3,42,133/- രൂപ ഉത്തരവാദിയായ വകുപ്പിൽനിന്നും ഈടാക്കി ബന്ധപ്പെട്ട ഫണ്ടിലേയ്ക്ക് തിരികെ ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം റോഡ് പുനസ്ഥാപനചാർജ് ഈടാക്കുന്നതിൽ വീഴ്ചവരുത്തിയ സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

**ഓഡിറ്റ് എൻക്വയറി നം.17/27.6.2019.**

## 3-2 "പഴയ ഇലക്ട്രിസിറ്റി"- കള്ളിക്കാട് റോഡ് കോൺക്രീറ്റിംഗും കൾവർട്ട് നിർമ്മാണവും-കുഴിച്ചെടുത്ത മണ്ണ് കുറവ് ചെയ്തില്ല. 20,589/- രൂപയുടെ നഷ്ടം.

പ്രോജക്റ്റ് നം. : 255/19 (സ്പിൽ ഓവർ)

പേര് : "പഴയ ഇലക്ട്രിസിറ്റി" കള്ളിക്കാട് റോഡ് കോൺക്രീറ്റിംഗും കൾവർട്ട് നിർമ്മാണവും

അടങ്കൽ: 8,65,720/-രൂപ

ഫണ്ടിനം : ധനകാര്യ കമ്മീഷൻ ഗ്രാന്റ്

നിർവ്വഹണോദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ

കരാർ നം.: 62/എ.ഇ./17-18/5.1.2018

കരാറുകാരൻ : ശ്രീ എസ്. പ്രദീപ്

ചെലവ് : 8,46,595/-രൂപ

ബിൽ നം. 10/31.5.2018

എം.ബുക്ക് നം. : 52/18

മേൽ സൂചിപ്പിച്ച പ്രവൃത്തിയുടെ ഇനം 2 പ്രകാരം 101.25 m3 അളവിൽ കരാറുകാരന്റെ സ്വന്തം മണ്ണ് നിറച്ചതിന് 302.78/- രൂപ നിരക്കിൽ 30,656/- രൂപ നൽകിയിട്ടുണ്ട്. അതേ സമയം ടി പ്രോജക്റ്റിന്റെ ഭാഗമായ ഐറിഷ് ഡ്രെയിൻ നിർമ്മാണത്തിനുവേണ്ടി ഇനം 1 പ്രകാരം 5.06

$m^3$-ഉം ഓട നിർമ്മാണത്തിനുവേണ്ടി ഇനം 1 പ്രകാരം 46.458 $m^3$-ഉം കലുങ്ക് നിർമ്മാണത്തിനുവേണ്ടി ഇനം 1 പ്രകാരം 16.538 $m^3$- ഉം ഉൾപ്പടെ ആകെ 68 $m^3$ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. എന്നാൽ ഇത് കുറവ് ചെയ്യാതെയാണ് കരാറുകാരന്റെ സ്വന്തം മണ്ണ് നിറച്ചതിന് ഇനം 2 പ്രകാരം തുക നൽകിയിരിക്കുന്നത്. കുഴിച്ചെടുത്ത മണ്ണ് മറ്റേതെങ്കിലും രീതിയിൽ ഉപയോഗിച്ചിട്ടുള്ളതായി എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുമില്ല. ഇപ്രകാരം 20,589/- രൂപ (68 x 302.78) അധികം ചെലവഴിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ഓട നിർമ്മിക്കുന്നതിനുവേണ്ടി കുഴിച്ച മണ്ണ് ഓടയും റോഡും തമ്മിലുള്ള ഗ്യാപ്പ് ഫില്ലിംഗിന് ഉപയോഗിച്ചിട്ടുള്ളതാണെന്നും സർട്ടിഫിക്കറ്റ് എഴുതാൻ വിട്ടുപോയതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ കുഴിച്ചെടുത്ത മണ്ണിന്റെ ഉപയോഗം സംബന്ധിച്ച് എം.ബുക്കിൽ രേഖപ്പെടുത്തലുകളില്ലാത്തതിനാൽ മറുപടി അംഗീകരിക്കാൻ കഴിയില്ല. അധികം ചെലവഴിച്ച 20,589/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കി ബന്ധപ്പെട്ട ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം.5/21.6.2019**

## 3-3 ഇന്റർലോക്കിംഗ്- നടപ്പാതയുടെ വീതി കണക്കിലെടുക്കാതെ കനം കൂടിയ ടൈലുകൾ ഉപയോഗിക്കുന്നു.

I.പ്രോജക്റ്റ് നം. : 174/19

പേര്: കല്ലുപുര റൈസ് മിൽ-ഇടയാടിവിള റോഡ് ഇന്റർലോക്കിംഗ്.

അടങ്കൽ: 4,00,000/-രൂപ

ഫണ്ടിനം : മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)

നിർവ്വഹണോദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ

കരാർ നം.: 18/എ.ഇ./18-19/10.7.2018

കരാറുകാരൻ : ശ്രീ ഷാനവാസ്

ചെലവ് : 3,94,119/-രൂപ

ബിൽ നം. 118/11.3.2019

II.പ്രോജക്റ്റ് നം. : 141/19

പേര് : പനയ്ക്കാല വാമനംകാവ് റോഡ് ഇന്റർലോക്കിംഗ്

അടങ്കൽ: 2,00,000/-

ഫണ്ടിനം : മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)

നിർവ്വഹണോദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ

കരാർ നം.: 14/എ.ഇ./18-19/30.6.2018

കരാറുകാരൻ : ശ്രീ എ.ഷെഫീക്ക്

ചെലവ് : 1,99,341/-രൂപ

ബിൽ നം. 36/19.9.2018

എം.ബുക്ക് നം. : 20/19

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ടി പ്രോജക്റ്റുകൾ പ്രകാരം ഡി.എസ്.ആർ.2014- ലെ കോഡ് 16.91.2 പ്രകാരം 80 മി.മീറ്റർ കനത്തിലുള്ള സിമന്റ് കോൺക്രീറ്റ് പാവർ ബ്ലോക്കുകൾ ഉപയോഗിച്ച് ഇന്റർലോക്കിംഗ് നടത്തിയതിന് സ്ക്വയർമീറ്ററിന് 945.90/- രൂപ നിരക്കിൽ തുക നൽകിയിട്ടുണ്ട്. ഇതിൽ ക്രമനം.1-ലെ കല്ലുപുര റൈസ് മിൽ-ഇടയാടിവിള റോഡ് ഇന്റർലോക്കിംഗിൽ ആകെ ചെയ്ത 393.96 $m^2$-ൽ 160.97$m^2$-ഉം ശരാശരി 2മീറ്ററിൽ താഴെ വീതിയുള്ള നടപ്പാതയാണ്. അതുപോലെ ക്രമനം.2-ലെ പനയ്ക്കാല വാമനംകാവ് റോഡ് ഇന്റർലോക്കിംംഗിൽ ആകെ ചെയ്ത 195.40 $m^2$-ൽ 181.68$m^2$-ഉം ശരാശരി 1.5 മീറ്ററിൽ താഴെ വീതീയുള്ള നടപ്പാതയുമാണ്. വലിയ വാഹനങ്ങൾക്ക് സഞ്ചരിക്കാൻ കഴിയാത്ത പ്രസ്തുത നടപ്പാതകളിൽ കനം കൂടിയ സിമന്റ് കോൺക്രീറ്റ് പാവർ ബ്ലോക്കുകൾ ഉപയോഗിക്കേണ്ട സാഹചര്യം എസ്റ്റിമേറ്റിൽ വ്യക്തമാക്കിയിട്ടില്ല. ഇവിടെ 60 മി.മീറ്റർ കനത്തിലുള്ള സിമന്റ് കോൺക്രീറ്റ് പാവർ ബ്ലോക്കുകൾ ഉപയോഗിച്ചിരുന്നെങ്കിൽ ഡി.എസ്.ആർ.2014- ലെ കോഡ് 16.68 പ്രകാരം സ്ക്വയർമീറ്ററിന് 911.48/- രൂപ നിരക്ക് നൽകിയാൽ മതിയായിരുന്നു. ഡി.എസ്.ആർ.2014-ലെ കോഡ് 16.68-ന്റെ സ്പെസിഫിക്കേഷനിൽ ഫുട്പാത്തിനെക്കുറിച്ച് പരാമർശിച്ചിട്ടില്ല എന്ന് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി അംഗീകരിക്കാൻ കഴിയില്ല. റോഡിന്റെ/ ഫുട്പാത്തിന്റെ വീതിയും വാഹനങ്ങളുടെ സഞ്ചാരസാധ്യതയും കണക്കിലെടുത്ത് ഉചിതമായ കനത്തിലുള്ള ടൈലുകൾ ഉപയോഗിച്ച് അനാവശ്യ ചെലവ് ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം.14/26.6.2019.**

## 3-4 തൊഴിലുറപ്പുപദ്ധതി - അവലോകനം

പ്രകൃതിവിഭവങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട് മഴക്കുഴി നിർമ്മാണം, തരിശുഭൂമി കൃഷിയോഗ്യമാക്കൽ, മണ്ണുജലസംരക്ഷണം, പൊതുസ്ഥലങ്ങളിൽ മരം വച്ചുപിടിപ്പിക്കൽ എന്നിവയാണ് തൊഴിലുറപ്പുപദ്ധതിയിൻകീഴിൽ തൻവർഷം ഏറ്റെടുത്ത് നടപ്പാക്കിയ പ്രധാന പദ്ധതികൾ. ഏതാനും കുളങ്ങളുടെയും തോടുകളുടെയും നവീകരണം ഒഴിച്ചാൽ പൊതു ആസ്തികൾ സൃഷ്ടിക്കുന്ന തരത്തിലുള്ള പ്രവൃത്തികളോ നിലവിലുള്ള പൊതു ആസ്തികളുടെ സംരക്ഷണ പ്രവൃത്തികളോ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയിട്ടില്ല. റോഡുകൾ, ഓടകൾ, കലുങ്കുകൾ എന്നിവയുടെ നിർമ്മാണം, പുനരുദ്ധാരണം എന്നിവ ഈ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടവയാണ്. തരിശുഭൂമി കൃഷിയോഗ്യമാക്കൽ, മണ്ണുജലസംരക്ഷണപ്രവൃത്തികൾ എന്നിവ സ്വകാര്യഭൂമിയിൽ മാത്രമായി പരിമിതപ്പെടുകയാണുണ്ടായത്. പൊതുഭൂമിയിലെ ഭൂസംരക്ഷണപ്രവൃത്തകൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടില്ല. ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് വേണ്ടി സിമന്റ് കോൺക്രീറ്റ് ബ്ലോക്കുകൾ നിർമ്മിക്കുന്ന യൂണിറ്റ് ആരംഭിച്ച് 21,000 കട്ടകൾ നിർമ്മിച്ചെങ്കിലും അവ പൂർണ്ണമായി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഗ്രാമപഞ്ചായത്തിൽ പല പ്രദേശങ്ങളിലും വെള്ളപ്പൊക്കഭീഷണിയുണ്ടെങ്കിലും വെള്ളപ്പൊക്കനിയന്ത്രണ പ്രവൃത്തികളും വെള്ളക്കെട്ട്

ഒഴിവാക്കുന്നതിനുള്ള ജലനിർഗ്ഗമന പ്രവൃത്തികളും തൊഴിലുറപ്പുപദ്ധതിയിൻകീഴിൽ നിർവ്വഹിച്ചിട്ടില്ല. തൻവർഷം ഏറ്റെടുത്ത് നടപ്പാക്കിയ പ്രവൃത്തികളിൽ നാമമാത്രമായ സാധനഘടകം മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ.

തൊഴിലുറപ്പുപദ്ധതി പ്രവർത്തനം സ്വകാര്യഭൂമിയിൽ മാത്രമായി പരിമിതപ്പെടുത്താതെ പൊതു ആസ്തികൾ സൃഷ്ടിക്കുന്ന തരത്തിലും മേൽ സൂചിപ്പിച്ച പ്രകാരം ഇതര മേഖലകളിലേയ്ക്ക് വ്യാപിപ്പിച്ചും സാധനഘടകത്തിലെ ചെലവിൽ ആനുപാതിക വർദ്ധന വരുത്തിയും നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 കാലഹരണപ്പെട്ട മരുന്നുകൾ ഔഷധിയിൽ നിന്നും ലഭിച്ചു

പദ്ധതി - എസ്.0032/19-ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ തുക –5,00,000/ -രൂപ ( മെയിൻറനൻസ് ഫണ്ട്-നോൺ റോഡ് )

ചെലവ് - 5,00,000/-രൂപ ( ബിൽ നം.3/18-19 , 12.12.2018)

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, ആയുർവേദം.

പദ്ധതി - എസ്.0033/19-വയോജന ക്ഷേമ പ്രവർത്തനം

അടങ്കൽ തുക – -7,00,000/-രൂപ ( മെയിന്റനൻസ് ഫണ്ട്-നോൺ റോഡ് )

ചെലവ് - 7,00,000 /-രൂപ (ബിൽ നം. 1/2018-19, 23.7.2018)

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, ആയുർവേദം.

2018-19 വർഷം നിർവ്വഹണം നടത്തിയ മേൽ പരാമർശിച്ച പദ്ധതികളിൽ ചുവടെ പരാമർശിക്കുന്ന മരുന്നുകൾ ക്യാഷ് ഇൻവോയ്സ് പ്രകാരം കാലാവധി കഴിഞ്ഞവയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>എസ്.0032/19-ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ</u>

| ക്രമ നം. | മരുന്നിൻെറ പേര് | ഇൻവോയ്സ് നം. ,തീയതി | മരുന്നിൻെറ അളവ് | നിരക്ക് (രൂ) | വില (രൂ) | എക്സ്പെയറി ഡേറ്റ് |
|---|---|---|---|---|---|---|
| 1 | ബലാതൈലം 10ml | 90080919, 17.9.18 | 20 | 38 | 760 | 8/2018 |
| 2 | പുനർവാധി ksc 500gm | 90080919, 17.9.18 | 14 | 105 | 1,470 | 8/2017 |
| 3 | സുധാദുർവ്വാദി കോ-ഓയിൽ 450ml | 90080919, 17.9.18 | 10 | 161 | 1,610 | 6/2018 |
| | | | | ആകെ | **3,840** | |

<u>എസ്.0033/19-വയോജന ക്ഷേമ പ്രവർത്തനം</u>

| ക്രമ നം. | മരുന്നിൻെറ പേര് | ഇൻവോയ്സ് നം. ,തീയതി | മരുന്നിൻെറ അളവ് | നിരക്ക് (രൂ) | വില (രൂ) | എക്സ്പെയറി ഡേറ്റ് |
|---|---|---|---|---|---|---|
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 1 | പഞ്ചതിക്തകം കഷായം | 90077553, 18.8.2018 | 56 | 67 | 3,752 | 8/2017 |
| 2 | ബലാതൈലം 200ml | 90077553, 18.8.2018 | 50 | 38 | 1,900 | 8/2018 |
| 3 | പ്രസാരണ്യാദി തൈലം 200ml | 90077553, 18.8.2018 | 36 | 79 | 2,844 | 12/2018 |
| 4 | പ്രസാരണ്യാദി തൈലം 200ml | 90077553, 18.8.2018 | 18 (സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 1/4/2019 ലും 54 എണ്ണം ബാക്കിയുണ്ട്) | 79 | 1,422 | 1/2019 |
| 5 | സുകുമാരം കഷായം | 90077553, 18.8.2018 | 4 | 62 | 248 | 8/2018 |
| 6 | സുകുമാരം കഷായം | 90077553, 18.8.2018 | 24 | 62 | 1,488 | 9/2018 |
| 7 | സുകുമാരം കഷായം | 90077553, 18.8.2018 | 26 (സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 1/4/2019 ലും 54 എണ്ണം ബാക്കിയുണ്ട്) | 62 | 1,612 | 2/2019 |
| | | | | ആകെ | 13,266 | |

കാലഹരണപ്പെട്ട മരുന്നുകൾ ആയുർവ്വേദ ഡിസ്പെൻസറിക്ക് നൽകിയ ഔഷധിയുടെ നടപടി ന്യായീകരിക്കത്തക്കതല്ല. മരുന്നുകളുടെ വില ഔഷധിയിൽ നിന്നും ഈടാക്കുകയോ പകരം പുതിയ മരുന്നുകൾ ഔഷധിയിൽ നിന്നും ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്. ആവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം.9/24.06.2019**

**ഓഡിറ്റിൽ തടസ്സപ്പെടുത്തുന്ന തുക-17,106/-രൂപ**

## 3-6 വാങ്ങലുകൾക്ക് വിവിധ ക്വട്ടേഷൻ നൽകി, സിഡ്കോയിൽ

## നിന്നും ക്വട്ടേഷൻ കൂടാതെ നേരിട്ടു വാങ്ങാൻ പാടില്ലാത്ത ഉപകരണങ്ങൾ ക്വട്ടേഷനില്ലാതെ നേരിട്ടു വാങ്ങി

പദ്ധതി - എസ്.0034/19-ആയുർവ്വേദ ആശുപത്രിയിലേക്ക് ഉപകരണങ്ങളും സാധനങ്ങളും വാങ്ങൽ.

അടങ്കൽ തുക –60,000/ -രൂപ ( തനത് ഫണ്ട്)

ചെലവ് - 60,000/-രൂപ ( ചെക്ക് നം.0239213 , 27.11.2018)

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, ആയുർവേദം.

പദ്ധതിയിൽ സിഡ്കോയിൽ നിന്നും ബി.പി അപ്പാരറ്റസ്(1) , ഡിജിറ്റൽ തെർമോ മീറ്റർ(1), വെയിംഗ് സ്കെയിൽ ഡിജിറ്റൽ ക്യാപ് 600gm(1) , പോട്ട് 10 ലിറ്റർ (2) എന്നിവ ഇൻവോയ്സ് നം.klm/18-19/178, 17.10.18 പ്രകാരം 13,370/-രൂപയും സി-ഡിറ്റിൽ നിന്നും ഡിജിറ്റൽ ടോക്കൺ ഡിസ്പ്ലേ (1) 7198/ രൂപയും ക്വയിലോൺ റേഡിയോ സർവ്വീസിൽ നിന്നും അക്വാഷുവർ വാട്ടർ ഫിൽറ്റർ 2990/-രൂപയ്ക്കും ഗ്ലോബൽ ട്രേഡേഴ്സിൽ നിന്നും ഒന്നു വീതം പ്ലാസ്റ്റിക്ക് ട്രയൽ സെറ്റ് , ഷിയോട്സ് തെർമോ മീറ്റർ, ഡി/വി ഡ്രം, ഇഷിഹാരാ കളർവിഷൻ ബുക്ക്, നിയർ വിഷൻ ബുക്ക് എന്നിവ 12,936/- രൂപയും കയർഫെഡിൽ നിന്നും 2257/-രൂപ വിലയുള്ള കയർഫെഡ് മാട്രസ്സും ഗ്രാഫ്ടെക്കിൽ നിന്നും നെയിംബോർഡ് 21,240/-രൂപയ്ക്കും വാങ്ങിയിട്ടുണ്ട്. ഇവയിൽ ക്വട്ടേഷൻ ക്ഷണിച്ചത് നെയിംബോർഡിനും പ്ലാസ്റ്റിക്ക് ട്രയൽ സെറ്റ് , ഷിയോട്സ് തെർമോ മീറ്റർ, ഡി/വി ഡ്രം, ഇഷിഹാരാ കളർവിഷൻ ബുക്ക്, നിയർ വിഷൻ ബുക്ക് എന്നിവയ്ക്കും മാത്രമാണ്. എല്ലാ വാങ്ങലുകൾക്കും ഒരുമിച്ച് ക്വട്ടേഷൻ ക്ഷണിക്കാതിരുന്നതിന്റെ കാരണം വ്യക്തമല്ല. സിഡ്കോയിൽ നിന്നും സിഡ്കോ ഉല്പാദിപ്പിക്കാത്ത ഉപകരണങ്ങൾ എപ്രകാരം നേരിട്ടു വാങ്ങിയെന്നും വ്യക്തമല്ല. കൂടാതെ പദ്ധതിയിൽ തന്നെ മാട്രസ്സിന് കയർഫെഡ് മാട്രസ്സ് എന്ന് പേരു രേഖപ്പെടുത്തുകയും ചെയ്തു. പ്രൊക്യുയർമെന്റ് മാന്വലിലെ വാങ്ങൽ ചട്ടങ്ങൾ അനുശാസിക്കും വിധം വാങ്ങലുകൾ നടത്തുവാൻ തുടർന്ന് ശ്രദ്ധിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം.9/24.06.2019**

## 3-7 പാലിയേറ്റീവ് കെയർ പദ്ധതി - അപാകതകൾ

പദ്ധതി - എസ്.0123/19-പാലിയേറ്റീവ് കെയർ- സമഗ്ര ആരോഗ്യപരിരക്ഷ (ആർദ്രം)

അടങ്കൽ തുക –9,50,000/-(8,00,000/ -രൂപ ( വികസന ഫണ്ട്),1,50,000-തനതുഫണ്ട്)

ചെലവ് - 8,38,066/-രൂപ ( ബിൽ നം.1/18-19 , 23.7.2018 , 95,325/-രൂപ,

ബിൽ നം.2/18-19 , 23.10.18 , 89,514/-രൂപ,

ബിൽ നം.3/18-19 , 11/12/18 , 5,08,079/-രൂപ,

ബിൽ നം.5/18-19, 22.3.19 , 1,05,735/-രൂപ

ചെക്ക് നം.8870886, 23.3.19 , 39,413/-രൂപ)

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

2018-19 വർഷം നിർവ്വഹണം നടത്തിയ പദ്ധതിയെ സംബന്ധിച്ച് ചുവടെ പരാമർശിക്കുന്ന അപാകതകൾ കാണപ്പെടുന്നു.

| ക്രമ നം. | വൗച്ചർ നം,തീയതി | ബിൽനം, തീയതി, തുക | വിശദാംശങ്ങൾ | ഓഡിറ്റിൽ അംഗീകരിക്കാത്ത തുക |
|---|---|---|---|---|
| 1 | സബ് വൗച്ചർ നം.17,7/5/2018 | 1/18-19 , 23.7.2018 , 95,325/- രൂപ | സബ് വൗച്ചർ നം.17 പ്രകാരം കിഴവൂർ ഏരിയയിൽ ഹോംകെയർ നടത്തിയതിന് 5 പേർക്ക് ഭക്ഷണം നൽകിയതിൻെറ 250/- രൂപയുടെ ഹോട്ടൽ ബിൽ എന്നാൽ ഹോംകെയർ രജിസ്റ്ററിലും ലോഗ്ബുക്കിലും 5/5/18 ന ശേഷം 10/5/18 ൽ മാത്രമേ എൻട്രി വന്നിട്ടുള്ളൂ. | 250/- |
| 2 | സബ് വൗച്ചർ നം.36, 21.6.2018 | 1/18-19 , 23.7.2018 , 95,325/- രൂപ | സബ് വൗച്ചർ നം.36 പ്രകാരം കിഴവൂർ ഏരിയയിൽ ഹോംകെയർ നടത്തിയതിന് 5 പേർക്ക് ഭക്ഷണം നൽകിയതിൻെറ 250/- രൂപയുടെ ഹോട്ടൽ ബിൽ, ലോഗ് ബുക്കിൽ ഹോംകെയർ എന്ന മാത്രം , ഹോംകെയർ രജിസ്റ്ററിൽ മൈലാപ്പൂർ എന്നും .4 രോഗികളുടെ പേര് മാത്രം മറ്റു വിവരങ്ങൾ ഇല്ല. | 250/- |
| 3 | സബ് വൗച്ചർ നം.37, 22/6/2018 | 1/18-19 , 23.7.2018 , 95,325/- രൂപ | സബ് വൗച്ചർ നം.37 പ്രകാരം മെയിൻസെൻററിനു കീഴിൽ ഹോംകെയർ നടത്തിയതിന് 5 പേർക്ക് ഭക്ഷണം നൽകിയതിൻെറ 250/- രൂപയുടെ ഹോട്ടൽ ബിൽ , ഹോംകെയർ രജിസ്റ്ററിൽ 22.6.2018 മുഖത്തല എന്ന മാത്രം രേഖപ്പെടുത്തിയിരിക്കുന്ന സന്ദർശിച്ച രോഗികളുടെ പേരും വിലാസവും ഇല്ല, | 250/- |

| | | | | |
|---|---|---|---|---|
| | | | രേഖപ്പെടുത്തലുകൾ ഇല്ലാത്ത ഈ പേജിൽ മാത്രം ഹെൽത്ത് ഇൻസ്പെക്ടർ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.<br>ലോഗ്ബുക്കിൽ ആലുംമൂട്, ചെറിയേല, മൈലാപ്പൂര് എന്നിവിടങ്ങളിൽ ഹോംകെയർ നടത്തിയതായി രേഖപ്പെടുത്തിയിരിക്കുന്നു. | |
| 4 | സബ് വൗച്ചർ നം.41, 28/6/2018 | 1/18-19 , 23.7.2018 , 95,325/- രൂപ | സബ് വൗച്ചർ നം.41 ഓൾ റൗണ്ട് ആയി ഹോംകെയർ നടത്തിയതിന് 5 പേർക്ക് ഭക്ഷണം നൽകിയതിൻെറ 250/-രൂപയുടെ ഹോട്ടൽ ബിൽ എന്നാൽ ഹോംകെയർ രജിസ്റ്ററിലും ലോഗ്ബുക്കിലും 27/6/18 ന ശേഷം 3/7/18 ൽ മാത്രമേ രേഖപ്പെടുത്തലുകൾ വന്നിട്ടുള്ളൂ. | 250/- |
| 5 | സബ് വൗച്ചർ നം.42, 29.6.2018 | 1/18-19 , 23.7.2018 , 95,325/- രൂപ | സബ് വൗച്ചർ നം.42 പ്രകാരംമൈലാപ്പൂരിൽ ഹോംകെയർ നടത്തിയതിന് 5 പേർക്ക് ഭക്ഷണം നൽകിയതിൻെറ 250/- രൂപയുടെ ഹോട്ടൽ ബിൽ എന്നാൽ ഹോംകെയർ രജിസ്റ്ററിലും ലോഗ്ബുക്കിലും 27/6/18 ന ശേഷം 3/7/18 ൽ മാത്രമേ രേഖപ്പെടുത്തലുകൾ വന്നിട്ടുള്ളൂ. | 250/- |
| 6 | സബ് വൗച്ചർ നം.2 , 5/7/2018 | 2/18-19 , 23.10.18 ,89,514/- രൂപ | സബ് വൗച്ചർ നം.2 പ്രകാരം മെയിൻസെൻററിൽ<br>ഹോംകെയർ നടത്തിയതിന് 5 പേർക്ക് ഭക്ഷണം നൽകിയതിൻെറ 250/- രൂപയുടെ ഹോട്ടൽ ബിൽ ഹോംകെയർ രജിസ്റ്ററിലും | 250/- |

| | | | | |
|---|---|---|---|---|
| | | | 5/7/2018 ൽ അപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ട്. എന്നാൽ ലോഗ്ബുക്കിൽ അതേ തീയതിയിൽ രേഖപ്പെടുത്തലുകൾ ഇല്ല, വാഹനം വർക്ക്ഷോപ്പിലായിരുന്നതായോ മറ്റേതെങ്കിലും യാത്ര ഉണ്ടായിരുന്നതായോ ലോഗ്ബുക്കിൽ രേഖപ്പെടുത്തലുകൾ ഇല്ല. മറ്റേതെങ്കിലും വാഹനം വാടകയ്ക്ക് എടുത്തതായി വേ ബിൽ പോലുള്ള രേഖകളും ഇല്ല. | |
| 7 | സബ് വൗച്ചർ നം.6, 11/7/2018 | 2/18-19 , 23.10.18 ,89,514/- രൂപ | സബ് വൗച്ചർ നം.6 പ്രകാരം ഹോംകെയർ നടത്തിയതിന് 5 പേർക്ക് ഭക്ഷണം നൽകിയതിൻെറ 250/- രൂപയുടെ ഹോട്ടൽ ബിൽ (സ്ഥലപ്പേര് ബില്ലിൽ ഇല്ല) ഹോംകെയർ രജിസ്റ്ററിൽ ഓൾറൗണ്ട് എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കണ്ണനല്ലൂരിൽ ഉള്ള രണ്ട് രോഗികളുടെ പേര് മാത്രം, ലോഗ് ബുക്കിൽ മൈലാപ്പൂർ എന്നും രേഖപ്പെടുത്തിയിരിക്കുന്നു. | 250/- |
| 8 | സബ് വൗച്ചർ നം.7 , 12/7/2018 | 2/18-19 , 23.10.18 ,89,514/- രൂപ | സബ് വൗച്ചർ നം.7 പ്രകാരം ഹോംകെയർ നടത്തിയതിന് 5 പേർക്ക് ഭക്ഷണം നൽകിയതിൻെറ 250/- രൂപയുടെ ഹോട്ടൽ ബിൽ (സ്ഥലപ്പേര് ബില്ലിൽ ഇല്ല) , ലോഗ് ബുക്കിൽ തഴുത്തല, പാലവിള എന്നിവിടങ്ങളിൽ ഹോംകെയർ നടത്തിയതായി | 250/- |

| | | | | |
|---|---|---|---|---|
| | | | രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഹോംകെയർ രജിസ്റ്ററിൽ അന്നേദിവസം യാതൊരു രേഖപ്പെടുത്തലും ഇല്ല. | |
| 9 | സബ് വൗച്ചർ നം.13, 21/7/2018 | 2/18-19 , 23.10.18 ,89,514/-രൂപ | സബ് വൗച്ചർ നം.13 പ്രകാരം തട്ടാർകോണം സെൻററിൻെറ കീഴിൽ ഹോംകെയർ നടത്തിയതിന് 5 പേർക്ക് ഭക്ഷണം നൽകിയതിൻെറ 250/-രൂപയുടെ ഹോട്ടൽ ബിൽ , ലോഗ് ബുക്കിൽ മൈലാപ്പൂർ, പാലത്തറ, തഴുത്തല എന്നിവിടങ്ങളിൽ ഹോംകെയർ നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഹോംകെയർ രജിസ്റ്ററിൽ അന്നേദിവസം യാതൊരു രേഖപ്പെടുത്തലും ഇല്ല. | 250/- |
| 10 | സബ് വൗച്ചർ നം.14, 22/7/2018 | 2/18-19 , 23.10.18 ,89,514/-രൂപ | സബ് വൗച്ചർ നം.14ൽ<br>മുഖത്തലയിൽ ഹോംകെയർ നടത്തിയതിന് 5 പേർക്ക് ഭക്ഷണം നൽകിയതിൻെറ 250/-രൂപയുടെ ഹോട്ടൽ ബിൽ , ഹോംകെയർ രജിസ്റ്ററിലും മുഖത്തല , ലോഗ് ബുക്കിൽ അന്നേദിവസം രേഖപ്പെടുത്തലുകൾ ഇല്ല.വാഹനം വർക്ക്ഷോപ്പിലായിരുന്നതായോ മറ്റേതെങ്കിലും യാത്ര ഉണ്ടായിരുന്നതായോ ലോഗ്ബുക്കിൽ രേഖപ്പെടുത്തലുകൾ ഇല്ല. മറ്റേതെങ്കിലും വാഹനം വാടകയ്ക്ക് എടുത്തതായി തെളിയിക്കുന്ന വേ ബിൽ പോലുള്ള രേഖകളും ഇല്ല. | 250/- |

| | | | | |
|---|---|---|---|---|
| 11 | സബ് വൗച്ചർ നം.15, 23/7/2018 | 2/18-19 , 23.10.18 ,89,514/- രൂപ | സബ് വൗച്ചർ നം.15 ൽ തട്ടാർക്കോണത്ത് ഹോംകെയർ നടത്തിയതിന് 5 പേർക്ക് ഭക്ഷണം നൽകിയതിൻെറ 250/-രൂപയുടെ ഹോട്ടൽ ബിൽ ,<br>ലോഗ് ബുക്കിൽ മൈലാപ്പൂർ, പാലത്തറ, തഴുത്തല എന്നിവിടങ്ങളിൽ ഹോംകെയർ നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഹോംകെയർ രജിസ്റ്ററിൽ അന്നേദിവസം യാതൊരു രേഖപ്പെടുത്തലും ഇല്ല. | 250/- |
| 12 | സബ് വൗച്ചർ നം.16, 24/7/2018 | 2/18-19 , 23.10.18 ,89,514/- രൂപ | സബ് വൗച്ചർ നം.16 ൽ തട്ടാർക്കോണത്ത് ഹോംകെയർ നടത്തിയതിന് 5 പേർക്ക് ഭക്ഷണം നൽകിയതിൻെറ 250/-രൂപയുടെ ഹോട്ടൽ ബിൽ, ലോഗ് ബുക്കിൽ തട്ടാർക്കോണം, ഡീസൻറ് ജംഗ്ഷൻ, നടുവിലക്കര എന്നു രേഖപ്പെടുത്തിയിരിക്കുന്നു. ഹോംകെയർ രജിസ്റ്ററിൽ അന്നേദിവസം യാതൊരു രേഖപ്പെടുത്തലും ഇല്ല. | 250/- |
| 13 | സബ് വൗച്ചർ നം.1, 4.10.18 | ബിൽ നം.3/18-19 , 11/12/18 , 5,08,079/- രൂപ, | സബ് വൗച്ചർ നം.1 ൽ സ്ഥലപ്പേര് ഇല്ല. ഹോംകെയർ രജിസ്റ്ററിൽ മുഖത്തല, ലോഗ് ബുക്കിൽ അന്നേദിവസം രേഖപ്പെടുത്തലുകൾ ഇല്ല.വാഹനം വർക്ക്ഷോപ്പിലായിരുന്നതായോ മറ്റേതെങ്കിലും യാത്ര ഉണ്ടായിരുന്നതായോ ലോഗ്ബുക്കിൽ രേഖപ്പെടുത്തലുകൾ ഇല്ല. | 250/- |

| | | | | |
|---|---|---|---|---|
| | | | മറ്റേതെങ്കിലും വാഹനം വാടകയ്ക്ക് എടുത്തതായി തെളിയിക്കുന്ന വേ ബിൽ പോലുള്ള രേഖകളും ഇല്ല. (5 പേർക്ക് ഭക്ഷണം നൽകിയതിന്റെ 250/-രൂപയുടെ ബിൽ) | |
| 14 | സബ് വൗച്ചർ നം.17, 5/11/18 | ബിൽ നം.3/18-19 , 11/12/18 , 5,08,079/-രൂപ, | സബ് വൗച്ചർ നം.17 ൽ സ്ഥലപ്പേര് ഇല്ല. ഹോംകെയർ രജിസ്റ്ററിൽ ആലുമ്മൂട്, കണ്ണനല്ലൂർ, ലോഗ് ബുക്കിൽ അന്നേദിവസം രേഖപ്പെടുത്തലുകൾ ഇല്ല. വാഹനം വർക്ക്ഷോപ്പിലായിരുന്നതായോ മറ്റേതെങ്കിലും യാത്ര ഉണ്ടായിരുന്നതായോ ലോഗ്ബുക്കിൽ രേഖപ്പെടുത്തലുകൾ ഇല്ല. മറ്റേതെങ്കിലും വാഹനം വാടകയ്ക്ക് എടുത്തതായി തെളിയിക്കുന്ന വേ ബിൽ പോലുള്ള രേഖകളും ഇല്ല. (5 പേർക്ക് ഭക്ഷണം നൽകിയതിന്റെ 250/-രൂപയുടെ ബിൽ) | 250/- |
| 15 | സബ് വൗച്ചർ നം.22, 16/11/18 | ബിൽ നം.3/18-19 , 11/12/18 , 5,08,079/-രൂപ, | സബ് വൗച്ചർ നം.22 ൽ സ്ഥലപ്പേര് ഇല്ല. ഹോംകെയർ രജിസ്റ്ററിൽ നടുവിലക്കര, ലോഗ് ബുക്കിൽ അന്നേദിവസം രേഖപ്പെടുത്തലുകൾ ഇല്ല.വാഹനം വർക്ക്ഷോപ്പിലായിരുന്നതായോ മറ്റേതെങ്കിലും യാത്ര ഉണ്ടായിരുന്നതായോ ലോഗ്ബുക്കിൽ രേഖപ്പെടുത്തലുകൾ ഇല്ല. മറ്റേതെങ്കിലും വാഹനം വാടകയ്ക്ക് എടുത്തതായി തെളിയിക്കുന്ന | 250/- |

| | | | | |
|---|---|---|---|---|
| | | | വേ ബിൽ പോലുള്ള രേഖകളും ഇല്ല.(5 പേർക്ക് ഭക്ഷണം നൽകിയതിന്റെ 250/-രൂപയുടെ ബിൽ) | |
| 16 | സബ് വൗച്ചർ നം.23, 17/11/18 | ബിൽ നം.3/18-19 , 11/12/18 , 5,08,079/-രൂപ, | സബ് വൗച്ചർ നം.23 ൽ സ്ഥലപ്പേര് ഇല്ല. ഹോംകെയർ രജിസ്റ്ററിൽ നടുവിലക്കര, ലോഗ് ബുക്കിൽ അന്നേദിവസം രേഖപ്പെടുത്തലുകൾ ഇല്ല.വാഹനം വർക്ക്ഷോപ്പിലായിരുന്നതായോ മറ്റേതെങ്കിലും യാത്ര ഉണ്ടായിരുന്നതായോ ലോഗ്ബുക്കിൽ രേഖപ്പെടുത്തലുകൾ ഇല്ല. മറ്റേതെങ്കിലും വാഹനം വാടകയ്ക്ക് എടുത്തതായി തെളിയിക്കുന്ന വേ ബിൽ പോലുള്ള രേഖകളും ഇല്ല. (5 പേർക്ക് ഭക്ഷണം നൽകിയതിന്റെ 250/-രൂപയുടെ ബിൽ) | 250/- |
| 17 | സബ് വൗച്ചർ നം.25, 22/11/18 | ബിൽ നം.3/18-19 , 11/12/18 , 5,08,079/-രൂപ, | സബ് വൗച്ചർ നം.25 ൽ സ്ഥലപ്പേര് ഇല്ല. ഹോംകെയർ രജിസ്റ്ററിൽ നടുവിലക്കര, ലോഗ് ബുക്കിൽ അന്നേദിവസം രേഖപ്പെടുത്തലുകൾ ഇല്ല.വാഹനം വർക്ക്ഷോപ്പിലായിരുന്നതായോ മറ്റേതെങ്കിലും യാത്ര ഉണ്ടായിരുന്നതായോ ലോഗ്ബുക്കിൽ രേഖപ്പെടുത്തലുകൾ ഇല്ല. മറ്റേതെങ്കിലും വാഹനം വാടകയ്ക്ക് എടുത്തതായി തെളിയിക്കുന്ന വേ ബിൽ പോലുള്ള രേഖകളും ഇല്ല. (5 പേർക്ക് ഭക്ഷണം നൽകിയതിന്റെ 250/-രൂപയുടെ ബിൽ) | 250/- |

| | | | | |
|---|---|---|---|---|
| 18 | സബ് വൗച്ചർ നം.2, 11/12/18 | 5/18-19, 22.3.19 , 1,05,735/- രൂപ | സബ് വൗച്ചർ നം.2 ലും ഹോംകെയർ രജിസ്റ്ററിലും കുരീപ്പള്ളി, ലോഗ് ബുക്കിൽ അന്നേദിവസം രേഖപ്പെടുത്തലുകൾ ഇല്ല.വാഹനം വർക്ക്ഷോപ്പിലായിരുന്നതായോ മറ്റേതെങ്കിലും യാത്ര ഉണ്ടായിരുന്നതായോ ലോഗ്ബുക്കിൽ രേഖപ്പെടുത്തലുകൾ ഇല്ല. മറ്റേതെങ്കിലും വാഹനം വാടകയ്ക്ക് എടുത്തതായി തെളിയിക്കുന്ന വേ ബിൽ പോലുള്ള രേഖകളും ഇല്ല. (5 പേർക്ക് ഭക്ഷണം നൽകിയതിന്റെ 250/-രൂപയുടെ ബിൽ) | 250/- |
| 19 | സബ് വൗച്ചർ നം.3, 12/12/18 | 5/18-19, 22.3.19 , 1,05,735/- രൂപ | സബ് വൗച്ചർ നം. 3 ലും ഹോംകെയർ രജിസ്റ്ററിലും പേരയം, ഉമയനല്ലൂർ, കണ്ണനല്ലൂർ , ലോഗ് ബുക്കിൽ അന്നേദിവസം രേഖപ്പെടുത്തലുകൾ ഇല്ല.വാഹനം വർക്ക്ഷോപ്പിലായിരുന്നതായോ മറ്റേതെങ്കിലും യാത്ര ഉണ്ടായിരുന്നതായോ ലോഗ്ബുക്കിൽ രേഖപ്പെടുത്തലുകൾ ഇല്ല. മറ്റേതെങ്കിലും വാഹനം വാടകയ്ക്ക് എടുത്തതായി തെളിയിക്കുന്ന വേ ബിൽ പോലുള്ള രേഖകളും ഇല്ല. (5 പേർക്ക് ഭക്ഷണം നൽകിയതിന്റെ 250/-രൂപയുടെ ബിൽ) | 250/- |
| 20 | സബ് വൗച്ചർ. നം.4, 16/12/18 | 5/18-19, 22.3.19 , | സബ് വൗച്ചർ. നം.4 ൽ സ്ഥലപ്പേര് ഇല്ല, 5 പേർക്ക് ഭക്ഷണം നൽകിയതിന് 250/- | 250/- |

| | | | | |
|---|---|---|---|---|
| | | 1,05,735/-രൂപ | രൂപ, എന്നാൽ ഹോം കെയർ രജിസ്റ്ററിലും ലോഗ് ബുക്കിലും അന്നേദിവസം രേഖപ്പെടുത്തലുകൾ ഇല്ല. (5 പേർക്ക് ഭക്ഷണം നൽകിയതിന്റെ 250/-രൂപയുടെ ബിൽ) | |
| 21 | സബ് വൗച്ചർ നം.7, 19/12/18 | 5/18-19, 22.3.19 , 1,05,735/-രൂപ | സബ് വൗച്ചർ. നം.7 ൽ സ്ഥലപ്പേര് ഇല്ല, 5 പേർക്ക് ഭക്ഷണം നൽകിയതിന് 250/-രൂപ, എന്നാൽ ഹോം കെയർ രജിസ്റ്ററിലും ലോഗ് ബുക്കിലും അന്നേദിവസം രേഖപ്പെടുത്തലുകൾ ഇല്ല. (5 പേർക്ക് ഭക്ഷണം നൽകിയതിന്റെ 250/-രൂപയുടെ ബിൽ) | 250/- |
| 22 | സബ് വൗച്ചർ നം.8, 20/12/18 | 5/18-19, 22.3.19 , 1,05,735/-രൂപ | സബ് വൗച്ചറിലും ഹോംകെയർ രജിസ്റ്ററിലും ചെന്താപ്പൂർ, ഡീസൻറ് ജംഗ്ഷൻ, മൈലാപ്പൂർ എന്നിവിടങ്ങളിൽ ഹോംകെയർ നടത്തിയതായി രേഖപ്പെടുത്തിയിരിക്കുന്നു, എന്നാൽ ലോഗ് ബുക്കിൽ അന്നേദിവസം രേഖപ്പെടുത്തലുകൾ ഇല്ല.വാഹനം വർക്ക്ഷോപ്പിലായിരുന്നതായോ മറ്റേതെങ്കിലും യാത്ര ഉണ്ടായിരുന്നതായോ ലോഗ്ബുക്കിൽ രേഖപ്പെടുത്തലുകൾ ഇല്ല. മറ്റേതെങ്കിലും വാഹനം വാടകയ്ക്ക് എടുത്തതായി തെളിയിക്കുന്ന വേ ബിൽ പോലുള്ള രേഖകളും ഇല്ല.(5 പേർക്ക് ഭക്ഷണം നൽകിയതിന്റെ 250/-രൂപയുടെ ബിൽ) | 250/- |

| | | | | |
|---|---|---|---|---|
| 23 | സബ് വൗച്ചർ നം.13, 5/1/2019 | 5/18-19, 22.3.19 , 1,05,735/- രൂപ | സബ് വൗച്ചറിലും ഹോംകെയർ രജിസ്റ്ററിലും കണ്ണനല്ലൂർ, കുരീപ്പള്ളി, പേരയം എന്നിവിടങ്ങളിൽ ഹോംകെയർ നടത്തിയതായി രേഖപ്പെടുത്തിയിരിക്കുന്നു, എന്നാൽ ലോഗ് ബുക്കിൽ അന്നേദിവസം രേഖപ്പെടുത്തലുകൾ ഇല്ല.വാഹനം വർക്ക്ഷോപ്പിലായിരുന്നതായോ മറ്റേതെങ്കിലും യാത്ര ഉണ്ടായിരുന്നതായോ ലോഗ്ബുക്കിൽ രേഖപ്പെടുത്തലുകൾ ഇല്ല. മറ്റേതെങ്കിലും വാഹനം വാടകയ്ക്ക് എടുത്തതായി തെളിയിക്കുന്ന വേ ബിൽ പോലുള്ള രേഖകളും ഇല്ല. (5 പേർക്ക് ഭക്ഷണം നൽകിയതിന്റെ 250/-രൂപയുടെ ബിൽ) | 250/- |
| 24 | സബ് വൗച്ചർ നം.16, 15.1.2019 | 5/18-19, 22.3.19 , 1,05,735/- രൂപ | സബ് വൗച്ചറിലും ഹോംകെയർ രജിസ്റ്ററിലും കണ്ണനല്ലൂർ, മൈലാപ്പൂര് എന്നിവിടങ്ങളിൽ ഹോംകെയർ നടത്തിയതായി രേഖപ്പെടുത്തിയിരിക്കുന്നു, എന്നാൽ ലോഗ് ബുക്കിൽ അന്നേദിവസം രേഖപ്പെടുത്തലുകൾ ഇല്ല.വാഹനം വർക്ക്ഷോപ്പിലായിരുന്നതായോ മറ്റേതെങ്കിലും യാത്ര ഉണ്ടായിരുന്നതായോ ലോഗ്ബുക്കിൽ രേഖപ്പെടുത്തലുകൾ ഇല്ല. മറ്റേതെങ്കിലും വാഹനം വാടകയ്ക്ക് എടുത്തതായി തെളിയിക്കുന്ന വേ ബിൽ പോലുള്ള രേഖകളും | 250/- |

| | | | | |
|---|---|---|---|---|
| | | | ഇല്ല. (5 പേർക്ക് ഭക്ഷണം നൽകിയതിന്റെ 250/-രൂപയുടെ ബിൽ) | |
| 25 | സബ് വൗച്ചർ നം.24, 7/2/19 | 5/18-19, 22.3.19 , 1,05,735/-രൂപ | സബ് വൗച്ചറിലും ഹോംകെയർ രജിസ്റ്ററിലും ഉമയനല്ലൂർ, മൈലാപ്പൂര് ,പേരയം എന്നിവിടങ്ങളിൽ ഹോംകെയർ, നടത്തിയതായി രേഖപ്പെടുത്തിയിരിക്കുന്നു, എന്നാൽ ലോഗ് ബുക്കിൽ അന്നേദിവസം രേഖപ്പെടുത്തലുകൾ ഇല്ല.വാഹനം വർക്ക്ഷോപ്പിലായിരുന്നതായോ മറ്റേതെങ്കിലും യാത്ര ഉണ്ടായിരുന്നതായോ ലോഗ്ബുക്കിൽ രേഖപ്പെടുത്തലുകൾ ഇല്ല. മറ്റേതെങ്കിലും വാഹനം വാടകയ്ക്ക് എടുത്തതായി തെളിയിക്കുന്ന വേ ബിൽ പോലുള്ള രേഖകളും ഇല്ല. (5 പേർക്ക് ഭക്ഷണം നൽകിയതിന്റെ 250/-രൂപയുടെ ബിൽ) | 250/- |
| 26 | സബ് വൗച്ചർ നം.25, 14/2/19 | 5/18-19, 22.3.19 , 1,05,735/-രൂപ | സബ് വൗച്ചറിലും ഹോംകെയർ രജിസ്റ്ററിലും കിഴവൂർ എന്നിവിടങ്ങളിൽ ഹോംകെയർ, നടത്തിയതായി രേഖപ്പെടുത്തിയിരിക്കുന്നു, എന്നാൽ ലോഗ് ബുക്കിൽ അന്നേദിവസം രേഖപ്പെടുത്തലുകൾ ഇല്ല.വാഹനം വർക്ക്ഷോപ്പിലായിരുന്നതായോ മറ്റേതെങ്കിലും യാത്ര ഉണ്ടായിരുന്നതായോ ലോഗ്ബുക്കിൽ രേഖപ്പെടുത്തലുകൾ ഇല്ല. | 250/- |

| | | | | |
|---|---|---|---|---|
| | | | മറ്റേതെങ്കിലും വാഹനം വാടകയ്ക്ക് എടുത്തതായി തെളിയിക്കുന്ന വേ ബിൽ പോലുള്ള രേഖകളും ഇല്ല. (5 പേർക്ക് ഭക്ഷണം നൽകിയതിന്റെ 250/-രൂപയുടെ ബിൽ) | |
| 27 | സബ് വൗച്ചർ നം.35 , 13/3/2019 | 5/18-19, 22.3.19 , 1,05,735/-രൂപ | സബ് വൗച്ചറിൽ (സ്ഥലപ്പേര് ഇല്ല)5 പേർക്ക് ഭക്ഷണം നൽകിയതിന് 250/-രൂപ, എന്നാൽ ഹോംകെയർ രജിസ്റ്ററിലും ലോഗ്ബുക്കിലും യാതൊരു രേഖപ്പെടുത്തലുകളും അന്നേ ദിവസം വരുത്തിയിട്ടില്ല. (5 പേർക്ക് ഭക്ഷണം നൽകിയതിന്റെ 250/-രൂപയുടെ ബിൽ) | 250/- |
| | | | **ആകെ** | **6,750/-രൂപ** |

ഹോംകെയർ റിപ്പോർട്ട് രജിസ്റ്ററിൽ നിരവധി തിരുത്തലുകളുണ്ട്. എല്ലാ പേജുകളും അപൂർണ്ണമാണ്. ഹോം കെയർ നടത്തിയ ശേഷം അതാതു ദിവസങ്ങളിലെ റിപ്പോർട്ട് ഹോം കെയർ റജിസ്റ്ററിൽ പാലിയേറ്റീവ് നഴ്സ് എഴുതേണ്ടതും ഹോംകെയറിൽ പങ്കെടുത്തവരുടെ പേരെഴുതി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇതൊന്നും ഇവിടെ പാലിച്ചു കണ്ടില്ല. ഇത്തരം ഗുരുതരമായ അപാകതകൾ ഉള്ളതിനാൽ ഈയിനത്തിൽ ചെലവഴിച്ച 6,750/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമായ മറുപടിയിൽ പാലിയേറ്റീവ് നഴ്സിന്റെ ഡയറിയിൽ വിവിധയിനങ്ങളിൽ ഹോം കെയർ നടത്തിയതിന്റെ രേഖപ്പെടുത്തലുകൾ ഉണ്ടെന്ന് പറയുന്നുണ്ടെങ്കിലും ഡയറി ഹാജരാക്കിയിട്ടില്ല. മാത്രമല്ല, ആധികാരിക രേഖയായ ഹോം കെയർ രജിസ്റ്ററിൽ ഗുരുതരമായ പിഴവുകൾ കടന്നു കൂടിയിട്ടുണ്ട്. ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥൻ ഹോം കെയർ രജിസ്റ്റർ പരിശോധിച്ചിട്ടില്ലായെന്നതും വിഷയത്തിൽ ഗൗരവം വർദ്ധിപ്പിയ്ക്കുന്നു. ജി.ഒ (ആർ.റ്റി) 3217/2015, ത.സ്വ.ഭ.വ, 22.10.2015 -ൽ അനുശാസിക്കുന്ന പാലിയേറ്റീവ് പരിചരണമാർഗ്ഗരേഖകൾ യാതൊന്നും ഇവിടെ പാലിച്ചു കണ്ടില്ല.

പി.എം.സി മീറ്റിംഗിൻെറ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 2018-19 വർഷം ഒരു തവണ (15.9.2018) മാത്രമേ പി.എം.സി മീറ്റിംഗ് നടത്തിയതായി കാണുന്നുള്ളൂ. സർക്കാർ ഉത്തരവിൻ പ്രകാരം മൂന്നു മാസത്തിലൊരിക്കലെങ്കിലും പി.എം.സി മീറ്റിംഗ് കൂടി പാലിയേറ്റീവ് പദ്ധതിയുടെ പ്രവർത്തനാവലോകനം നടത്തേണ്ടതുണ്ട്.

ബിൽ നം.3/18-19 , 11/12/18 , 5,08,079/-രൂപയിൽ 4,50,000/-രൂപ കേരളാമെഡിക്കൽ സർവ്വീസസ് കോർപ്പറേഷനു നൽകിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 15,470/-രൂപയുടെ

ഉപകരണങ്ങളും 36,874/-രൂപയുടെ മരുന്നുകളും മാത്രമേ ലഭിച്ചിട്ടുള്ളൂ. ബാക്കി തുകയ്ക്കുള്ള മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം.10/24.06.2019**

**ഓഡിറ്റിൽ അംഗീകരിക്കാത്ത തുക- 6,750/-രൂപ**

## 3-8 എസ്.എസ്.എ വിഹിതം അടവാക്കൽ- വിശദമായ വിനിയോഗ സാക്ഷ്യപത്രമില്ല

പദ്ധതി- **എസ്.എസ്.എ വിഹിതം അടവാക്കൽ- എസ്.0001/19**

അടങ്കൽ - 10,40,000/-രൂപ (വികസനഫണ്ട്)

ചെലവ് - 10,40,000/-രൂപ (ബിൽ നം.6/18-19, 10/8/18 )

നിർവ്വഹണം - സെക്രട്ടറി

സർവ്വശിക്ഷാ അഭിയാൻ 2018-19 വർഷം ഗ്രാമപഞ്ചായത്തിൽ നടപ്പാക്കാൻ ഉദ്ദേശിച്ച പ്രവർത്തികളിൽ പ്രധാനപ്പെട്ട ചിലത് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക (രൂപ) |
|---|---|---|
| 1 | കംപ്യൂട്ടർ വിദ്യാഭ്യാസം | 26,667/- |
| 2 | സ്കൂൾ മെയിൻറനൻസ് ഗ്രാൻറ് | 6,000/- |
| 3 | സങ്കലിത വിദ്യാഭ്യാസം | 1,24,800/- |
| 4 | മൈനോറിറ്റി വിദ്യാഭ്യാസം | 5333/- |
| 5 | കുടിവെള്ള സൗകര്യം | 10,800/- |
| 6 | പ്രോജക്ട് മാനേജ്മെൻറ് കോസ്റ്റ് | 1,75,176/- |
| | ആകെ | 3,48,776/- |

തുക അടവാക്കുന്നിനു മുമ്പായി മേൽപ്പരാമർശിച്ചവ ഉൾപ്പെടെ ആകെ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിവരം, പഞ്ചായത്ത് അധികൃതർക്ക് കൈമാറിയിരുന്നുവെങ്കിലും അവ നടപ്പാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുന്ന വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടോ വിശദമായ വിനിയോഗസാക്ഷ്യ പത്രമോ ഹാജരാക്കിയിട്ടില്ല. തുടർന്നുള്ള വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് കൈമാറുന്ന തുകയ്ക്ക് അനുസൃതമായ പ്രവർത്തനങ്ങൾ ഗ്രാമ പഞ്ചായത്തിലെ സ്കൂളുകളിൽ നടപ്പാക്കിയിട്ടുണ്ടോയെന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്.

**ഓഡിറ്റ് എൻക്വയറി നം. 13/ 25.6.19**

## 3-9 നെൽ കൃഷിയ്ക്ക് തുക നൽകിയതിലെ അപാകതകൾ.

പ്രോജക്ട് നമ്പർ.132/18

വകയിരുത്തിയത് : ₹ 10,03,900/-(പ്ലാൻ ഫണ്ട്)

ചെലവഴിച്ചത്.₹ 7,70,951/- രൂപ

ബിൽ നമ്പർ :1/31.07.18: ₹ 4,87,350/-

2/31.07.18: ₹ 32,400/-

5/31.10.18: ₹ 141,250/-

6/13.11.18/:₹ 32,400/-

17/28.01.19: ₹ 43,312/-

12/10.01.19: ₹ 17,402/-

20/26.03.19: ₹ 16,837/-

വകയിരുത്തിയത് : ₹ 5,18,500/-ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

ചെലവഴിച്ചത് :₹ 3,50,132/-

ചെക്ക്നം:2203272/04.01.19: ₹ 85,000/-(ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

ചെക്ക്നം:307682/27.09.18:₹ 2,55,000/-

ചെക്ക്നം:2203286/27.03.19: ₹ 10,132/-

നിർവ്വഹണഉദ്യോഗസ്ഥൻ :കൃഷി ഓഫീസർ

**1. വെട്ടില താഴം പാടശേഖരസമിതിയ്ക്ക് രേഖകളുടെ അഭാവത്തിൽ തുക നൽകി.**

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ നെൽ കൃഷിയ്ക്ക് തുക നൽകൽ എന്ന പ്രോജക്ടിൽ ബിൽ നം.1 പ്രകാരമുള്ള 4,87,350/-രൂപയിൽ 2,82,500/- രൂപ നെൽവിത്തിനും, ജൈവവളത്തിനും, പൂട്ടുകൂലി ഇനത്തിലുമായി വെട്ടില താഴം പാടശേഖര സമിതിയ്ക്ക് രേഖകളുടെ അഭാവത്തിൽ നൽകി.

കൃഷി ചെയ്ത 5000 സെന്റിന്റെ സർവ്വേ നമ്പർ വില്ലേജ് ഓഫീസിൽ നിന്നും ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിലാണ് വെട്ടില താഴം പാടശേഖര സമിതിയിക്ക് തുക നൽകിയിരിക്കുന്നത്.

ടി.സർവ്വേ നമ്പറിൽ പെട്ട കൃഷിഭൂമിയുടെ കരച്ചീട്ടും, വ്യക്തികളുടെ വിവരവും രേഖമൂലം ഹാജരാക്കണമെന്ന് കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(1/18.06.19) പഞ്ചായത്ത് സമിതിയുടെ അംഗീകാരത്തോടുകൂടിയാണ് കൃഷിചെയ്തതെന്നും,ഉദ്യോഗസ്ഥരുടെ ഭൗതിക പരിശോധനയുടെ അടിസ്ഥാനത്തിലാണ് കൃഷി ഭ്രമിയുടെ വിസ്തൃതി കണക്കാക്കിയെന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയിരിക്കുന്നത്.

**a. പുരയിടം എന്ന് കാണിച്ചിട്ടുള്ള സർവ്വേ നമ്പറിൽപ്പെട്ട 2 ഭൂമികൾക്ക് തുക നൽകി**

വില്ലേജ് ഓഫീസിലെ രജിസ്റ്റർ പരിശോധിച്ചതിൽ പുരയിടം എന്ന് കാണിച്ചിട്ടുള്ള സർവ്വേ നമ്പറിൽ പെട്ട 2 ഭൂമികൾക്ക് തുക നൽകിയിട്ടുണ്ട്.കൂടാതെ രജിസ്റ്ററിൽ ഉള്ള സെന്റിനെക്കാൾ

കൂടുതൽ തുക അനുവദിച്ച് നൽകിയിട്ടുമുണ്ട്. രജിസ്റ്റർ പ്രകാരം പുരയിടമായി കിടക്കുന്ന വസ്തുക്കളുടെ വിവരവും, സർവ്വേ നമ്പരുകളുടെ വിവരവും താഴെ പറയുന്നു.

| കൃഷി ഓഫീസർ ഹാജരാക്കിയ ബ്ലോക്ക് 23-ലെ സർവ്വേ നമ്പർ | വിസ്തീർണം (ആർ) |
|---|---|
| 30/16 | 2.65 |
| 30/18 | 4.39 |

**<u>b. രജിസ്റ്റർ പ്രകാരമുള്ള സർവ്വേ നമ്പരിൽപ്പെട്ട കൃഷിഭൂമിയേക്കാൾ തുക നൽകിയതിന്റെ വിവരം താഴെ പറയുന്നു.</u>**

| കൃഷി ഓഫീസർ ഹാജരാക്കിയ ബ്ലോക്ക് 23-ലെ സർവ്വേ നമ്പർ | കൃഷി ഓഫീസർ ഹാജരാക്കിയ ബ്ലോക്ക് 23-ലെ വിസ്തീർണം (ആർ) | ബ്ലോക്ക് 23-ലെ വില്ലേജ് ഓഫീസിലെ രജിസ്റ്റർ പ്രകാരമുള്ള സർവ്വേ നമ്പർ | ബ്ലോക്ക് 23-ലെ വില്ലേജ് ഓഫീസിലെ രജിസ്റ്റർ പ്രകാരമുള്ള വിസ്തീർണം (ആർ) |
|---|---|---|---|
| 36/1 | 33.7 | 36/1 | 27.63 |

കൃഷി ഓഫീസർ ഹാജരാക്കിയ ബ്ളോക്ക് 23-ലെ സർവ്വേ നമ്പറിൽപ്പെട്ട കൃഷി ഭൂമിയുടെ ഉടമകൾ പലരും രജിസ്റ്റർ പ്രകാരം തൃക്കോവിൽ വട്ടം വില്ലേജിൽ ഉള്ളവരും ,വെട്ടില താഴം പാടശേഖരത്തിനടുത്തുള്ളവരാണ്.എന്നാൽ അവരിൽ നിന്നും പോലും കരച്ചീട്ട് വാങ്ങാനുള്ള നടപടികൾ സ്വീകരിക്കുകയോ പാടശേഖരസമിതിയുമായി പാട്ടകരാർ വെയ്ക്കുകയോ നിർവ്വഹണ ഉദ്യോഗസ്ഥ ചെയ്തിട്ടില്ല.

തുടർ വർഷങ്ങളിൽ പാടശേഖരസമിതി ചെയ്യുന്ന കൃഷി ഭൂമിയുടെ കരച്ചീട്ട് ,പാട്ടകരാർ വെച്ചതിന്റെ രേഖകൾ വാങ്ങിയതിന്റെ അടിസ്ഥാനത്തിലായിരിക്കണം സ്ബ്സിഡി നൽകേണ്ടത്.

## 3-10 ജലസംഭരണ ടാങ്ക് വാങ്ങൽ-പ്ലാൻഫണ്ടിൽ നിന്നും അധികം തുക ചെലവഴിച്ചു

പ്രോജക്ട് നം. 81/18

വകയിരുത്തിയത് : 1,80,000/-(പ്ലാൻ ഫണ്ട്)

: 60,000/- (ഗുണഭോക്തൃവിഹിതം)

ബിൽ നം : 54/21.03.19: 1,44,305/-രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ :അസിസ്റ്റന്റ് സെക്രട്ടറി

**പട്ടിക ജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വാങ്ങി നൽകൽ പ്രോജക്ടിൽ പ്ലാൻ ഫണ്ടിൽ നിന്നും അധികം തുക ചെലവഴിച്ചു.**

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വണ ഉദ്യോഗസ്ഥനായി 60 ഗുണഭോക്താക്കൾക്ക് നടപ്പിലാക്കാൻ ഉദ്ദേശിച്ച പ്രോജക്ടിൽ ആകെ 49 ഗുണഭോക്താക്കൾക്കാണ് വാട്ടർ ടാങ്ക് വാങ്ങി വിതരണം നടത്തിയത്. സെൻസർ പോളിമർ തൃശ്ശൂർ എന്ന സ്ഥാപനത്തിനാണ് വാട്ടർ ടാങ്ക് വിതരണത്തിനുള്ള കരാർ ലഭിച്ചത്.

തീരുമാനം നം.3/(1)/17.12.18 പ്രകാരം 2,910/-രൂപ ആണ് സെൻസർ പോളിമർ തൃശ്ശൂർ എന്ന സ്ഥാപനത്തിന് അംഗീകരിച്ച് നൽകിയ നിരക്ക്. അതിൻപ്രകാരം 1,42,590/-(49 x 2,910) ചെയ്ത് നൽകേണ്ടത്. എന്നാൽ കമ്പനി നൽകിയ ഇൻവോയ്സിൽ 2945/-രൂപയാണ് നിരക്ക് കാണിച്ചിട്ടുള്ളതും ആയതിൻ പ്രകാരം 11,44,305/- രൂപയാണ് പ്ലാൻഫണ്ടിൽ നിന്ന് നൽകിയത്. ആയതിനാൽ പ്ലാൻ ഫണ്ടിൽ നിന്നും അധികം പിൻവലിച്ച ഒടുക്കിയ തുകയായ 1,715/-(1,44,305-1,42,590) രൂപ നിർവ്വഹണഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി തിരികെ പ്ലാൻ ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

ഗുണഭോക്തൃ വിഹിതം പഞ്ചായത്ത് ഫണ്ടിൽ നിന്നും പിൻവലിച്ച ഒടുക്കാതെ പ്ലാൻ ഫണ്ടിൽ നിന്നും 35648/-(2910x25%=727.5x49=35648/-)രൂപ നൽകിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയിറിയ്ക്ക് നിർവ്വഹണഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്ലാൻ ഫണ്ടിൽ നിന്നും അധികം പിൻവലിച്ച ഒടുക്കിയ തുകയായ 35648/-രൂപ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള ഗുണഭോക്തൃ വിഹിതത്തിൽ നിന്നും ഈടാക്കി പ്ലാൻ ഫണ്ടിൽ ഒടുക്കേണ്ടതാണ്. തുക തിരികെ ഒടുക്കുന്നത് വരെ 35648/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.തുക ഒടുക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
49,000/- (49x1,000)രൂപ ആണ് ഗുണഭോക്തൃവിഹിതമായി ഗുണഭോക്താക്കളിൽ നിന്നും വാങ്ങി പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ളത്. അധികം വാങ്ങിയ ഗുണഭോക്തൃവിഹിതം 13,353/- (272.5x49) രൂപ ഗുണഭോക്താക്കൾക്ക് തിരികെ നൽകാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല.
**ഓഡിറ്റ് എൻക്വയറി നം.- 19/29.06.2019**

## 3-11 സർക്കാർ ഉത്തരവിന് വിരുദ്ധമായി എൽ.പി.സ്കൂളിലെ ബസിന്റെ ഡ്രൈവർക്കു ശമ്പളം,മറ്റു ആവർത്തന ചെലവുകൾക്കു തുക ചെലവഴിച്ചു.

പ്രോജക്ട് : 52/18

വകയിരുത്തിയത് : 5,00,000/- രൂപ (തനത് ഫണ്ട്)

ചെലവഴിച്ചത് : 3,40,814/- രൂപ

ചെക്ക് നം: 2087700/21.03.19;67334/-രൂപ

:239205/14.01.18:131886/- രൂപ

:23936/19.01.19:76071/- രൂപ

:2224232/16.02.19:23928/- രൂപ

:2224240/06.03.19:20213/- രൂപ

:06341/30.03.19:21382/- രൂപ

നിർവ്വണ ഉദ്യോഗസ്ഥൻ :ഹെഡ്മിസ്ട്രസ്

ഹെഡ്മിസ്ട്രസ് നിർവ്വണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ എൽ.പി.സ്കൂളിലെ ബസിന്റെ ഡ്രൈവർമാർക്കുള്ള ശമ്പളം, മറ്റു ആവർത്തന ചെലവുകൾക്കുള്ള തുക നൽകൽ എന്ന പ്രോജക്ടിൽ സർക്കാർ ഉത്തരവ് നമ്പർ22/2018/തസ്വ ഭവ തീയതി:14.02.18 (8.9) പ്രകാരം എം.എൽ.എ/എം.പി.ലാഡ് മുഖേനെയും മറ്റു രീതിയിലും ആർജിച്ചിട്ടുള്ള ബസുകളുടെ ഡ്രൈവർമാരുടെ ശമ്പളം, ഇന്ധന ചെലവ്, മറ്റു ആവർത്തന ചെലവുകൾ എന്നിവയ്ക്ക് തദ്ദേശസ്വയഭരണ സ്ഥാപനങ്ങൾ തുക ചെലവഴിക്കാൻ പാടില്ല എന്ന് ഉത്തരവിന് വിരുദ്ധമായി പ്രോജക്ട് വെച്ച് ഗവ.എൽ.പി.സ്കൂൾ, മുഖത്തല , ഗവ.എൽ.പി.സ്കൂൾ ചെറിയേല എന്നി സ്കൂളിലെ ബസുകളുടെ (KL-02-AX-8276,KL-02-AX8292) ടാക്സ്, ഇൻഷുറൻസ്, ശമ്പളം, ഇന്ധന ചെലവുകൾ മെയിന്റനൻസ് എന്നിവയ്ക്കായി തുക ചെലവഴിച്ചിട്ടുണ്ട്. വിവരം താഴെ പറയുന്നു.

| ചെക്ക്നം/<br>തീയതി<br>(രൂപ) | ഡ്രൈവർമാരുടെ ശമ്പളം | ഇന്ധന ചെലവ് | മെയിന്റനൻസ് ചെലവ് | ഇൻഷുറൻസ്/ ടാക്സ് |
|---|---|---|---|---|
| 2087700/21.03.19;<br>67334/- | - | - | 17800 | 49534 |
| 239205/14.01.18:<br>131886/- | 41000 | 43582 | 3585 | 43719 |
| 23936/19.01.19:<br>76071/- | 30750 | 40581 | 4740 | - |
| 224232/16.02.19:<br>23928/- | 10250 | 9793 | 3885 | - |
| :2224240/06.03.19:20213/- | 10250 | 9963 | - | - |
| 06341/30.03.19:<br>21382/- | 10750 | 10482 | 150 | - |
| ആകെ | 103000 | 114401 | 30160 | 93253 |

ഉത്തരവിന് വിരുദ്ധമായി തുക ചെലവഴിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (4/21.06.19) ഇന്ധനചെലവ് പഞ്ചായത്ത് ഫണ്ടിൽ നിന്നും വഹിക്കാവുന്നതാണ് എന്ന തദ്ദേശസ്വയഭരണം വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 06.02.18-ലെ എഫ്.എം.2/2017/തസ്വ.ഭവ കത്ത് ഹാജരാക്കിയിട്ടുണ്ട്. കത്തിന്റെ അടിസ്ഥാനത്തിൽ ഇന്ധന ചെലവുകളുടെ ചെലവ് അനുവദിക്കുകയും, ബാക്കി ഇനങ്ങൾക്ക് ചെലവഴിച്ച തുക ആയ 2,26,413/- രൂപ (ഡ്രൈവർമാരുടെ ശമ്പളം-1,03,000/-, മെയിന്റനൻസ്ചെലവ്-30,160/-, ഇൻഷുറൻസ്/ടാക്സ്-93,253/-) തടസ്സത്തിൽ വയ്ക്കുന്നു.

**ഓഡിറ്റ് എൻക്വയറി നം. – 4/21.06.2019**

## 3-12 ലൈഫ് മിഷൻ പദ്ധതി-അവലോകനം

സ്വന്തമായി ഭൂമിയുള്ളവർക്ക് വീട് പൂർത്തിയാക്കുന്നതിന് ഉതകുന്ന ധനസഹായം ഉറപ്പാക്കുകയും നിർമ്മാണം അപൂർണ്ണമായ വീടുകളുടെ പൂർത്തീകരണത്തിന് സഹായം ലഭ്യമാക്കുകയും ഭൂരഹിത ഭവന രഹിത കുടുംബങ്ങൾക്ക് ഭവന സമുച്ചയങ്ങൾ അടിസ്ഥാനമാക്കിയുള്ള സമഗ്ര പുനരധിവാസ പദ്ധതിയും സ്വന്തം ജീവനോപാധി കണ്ടെത്താനുള്ള കൈത്താങ്ങും ലക്ഷ്യമിട്ട് ബഹു കേരള സർക്കാർ രൂപം നൽകിയ ലൈഫ് മിഷൻ പദ്ധതിയിൽ മുൻകാലങ്ങളിൽ ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ചതിൽ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്ത വീടുകളുടെ പൂർത്തീകരണം സാധ്യമാക്കുക , സ്വന്തമായ ഭൂമിയുള്ള ഭവന രഹിതരായവർ എന്നിവർക്കായാണ് തൃക്കോവിൽവട്ടം ഗ്രാമ പഞ്ചായത്തിൽ ലൈഫിൽ ഉൾപ്പെടുത്തി 2018-19 സാമ്പത്തിക വർഷത്തിൽ ധനസഹായങ്ങൾ നൽകിയിട്ടുള്ളത്.

2018-2019 വർഷം ആരംഭിച്ച് ലൈഫ് ഭവന പദ്ധതിയിൽ തൃക്കോവിൽവട്ടം ഗ്രാമ പഞ്ചായത്തിൽ ആകെ 306 ഗുണഭോക്താക്കളെ (ജനറൽ-242, എസ്.സി-64) തെരഞ്ഞെടുത്തിട്ടുണ്ട്. തൻവർഷം 2,54,76,652/- രൂപ (ജനറൽ-2,29,46,652, എസ്.സി-25,30,000/-) KURDFC ലോണായി ചെലവഴിച്ചിട്ടുണ്ട്. 196 ഗുണഭോക്താക്കൾ (162-ജനറൽ , 34- എസ്.സി) കരാർ ചമച്ചതിൽ 50 പേർ (47-ജനറൽ ,03- എസ്.സി) പണി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ അവസാന ഗഡു തുക നൽകിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഐറ്റം | ജനറൽ (എണ്ണം) | എസ്.സി (എണ്ണം) |
|---|---|---|---|
| 1 | ആകെ ഗുണഭോക്താക്കൾ | 242 | 64 |
| 2 | അർഹതയുള്ള ഗുണഭോക്താക്കൾ | 184 | 45 |
| 3 | കരാർ ചമച്ചത് | 162 | 34 |
| 4 | ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ടത് | 22 | 11 |
| 5 | കരാർ വെച്ചിട്ടു പണി ആരംഭിക്കാവാത്തവർ | 1 | 0 |
| 6 | തുക തിരിച്ച അടച്ചവർ | 1 | 0 |
| 7 | അടിസ്ഥാനം മാത്രം ചെയ്തവർ | 1 | 2 |
| 8 | ഭിത്തി മട്ടം മാത്രം ചെയ്തവർ | 49 | 7 |
| 9 | മേൽ കൂരമാത്രം ചെയ്തവർ | 110 | 25 |
| 10 | ആദ്യ ഗഡു കൈപ്പറ്റിയവർ | 162 | 34 |
| 11 | രണ്ടു ഗഡു കൈപ്പറ്റിയവർ | 159 | 0 |
| 12 | മൂന്ന് ഗഡു കൈപ്പറ്റിയവർ | 148 | 0 |
| 13 | അവസാന ഗഡു കൈപ്പറ്റിയവർ | 0 | 4 |
| | | | |

| | | | |
|---|---|---|---|
| 14 | ആകെ തുക | 72800000രൂപ | 18000000രൂപ |
| 15 | ആകെ ചെലവായ തുക | 45030000 രൂപ | 9216966രൂപ |
| 16 | വികസന ഫണ്ട് | 600000രൂപ | 4186870രൂപ |
| 17 | വികസന ഫണ്ട് ചെലവ് | 600000രൂപ | 4186870രൂപ |
| 18 | തനതു ഫണ്ട് | 10000000രൂപ | 0 |
| 19 | തനതു ഫണ്ട് ചെലവ് | 10000000രൂപ | 0 |
| 20 | ഹഡ്കോ ലോൺ | 22944188രൂപ | 2530000രൂപ |
| 21 | ഹഡ്കോ വരവ് ലോൺ ചെലവ് | 22946652രൂപ | 2530000രൂപ |
| 22 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 3500000രൂപ | 1592325രൂപ |
| 23 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവ് | 35000000രൂപ | 1210137രൂപ |
| 24 | ജില്ലാ പഞ്ചായത്ത് വിഹിതം | 3367322രൂപ | 2320805 രൂപ |
| 25 | ജില്ലാ പഞ്ചായത്ത് വിഹിതം ചെലവ് | 2583348രൂപ | 1289989രൂപ |
| 26 | സംസ്ഥാന സർക്കാർ വിഹിതം | 16200000രൂപ | 3400000രൂപ |
| 27 | സംസ്ഥാന സർക്കാർ വിഹിതം ചെലവ് | 0 | 0 |

ആദ്യ ഗഡു വാങ്ങിയ താഴെ പറയുന്ന വ്യക്തികളുടെ പേരും, വിവരങ്ങളും താഴെ പറയുന്നു.

| ക്രമനം | വ്യക്തികളുടെ പേരും, മേൽവിലാസവും | നൽകിയ തുക ₹ | പ്രവർത്തിയുടെ സ്റ്റേജ് | റിമാർക്സ് |
|---|---|---|---|---|
| 1 | സലീന, സുനിത മനസിൽ, കുറുമണ്ണ വാർഡ് -11(ജനറൽ) | 40000/- | പ്രവർത്തി ആരംഭിച്ചില്ല. | RR നോട്ടീസ് അയച്ചു |
| 2 | ലൈല ചരുവിള വീട് മുഖത്തല – വാർഡ് -12(ജനറൽ) | 40000/- | തുക തിരികെ ഒടുക്കി | |
| 3 | റീന മനോജ്,റീനാനിവാസ്, കണ്ണനല്ലൂർ(ജനറൽ) | 40000/- | അടിസ്ഥാനം കെട്ടി | വസ്തു തർക്കം -താലൂക്ക് സർവയർക്ക് പരാതി നൽകിയിരിക്കുന്നു. |
| 4 | ലീല,പണയിൽവീട്, ഡീസന്റ് ജംഗ്ഷൻ | 40000/- | പ്രവർത്തി ആരംഭിച്ചില്ല. | രജിസ്റ്റേഡ് നോട്ടീസ് അയച്ചു |
| 5. | സജി,കോടിയാട്ട് | 40000/- | **അടിസ്ഥാനം** | |

| | | | | |
|---|---|---|---|---|
| | വീട്,ഡീസന്റ് ജംഗ്ഷൻ | | കെട്ടി | |

ക്രമ നമ്പർ 1 മുതൽ 5 വരെയുള്ള ഗുണഭോക്താക്കൾ പ്രവർത്തി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നില്ലെങ്കിൽ നൽകിയ 40,000/-രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 3-13 തുടർ നിരീക്ഷണമില്ലാതെ നിരീക്ഷണ ക്യാമറകൾ

പദ്ധതി- ഗ്രാമ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ നിരീക്ഷണ ക്യാമറ സ്ഥാപിക്കൽ

അടങ്കൽ - 3,00,000/-രൂപ (തനതു ഫണ്ട്)

ചെലവ്- 2,81,997/-രൂപ (ചെക്ക് നം. 02356785, 23.3.2019 )

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

വർദ്ധിച്ച വരുന്ന മാലിന്യ പ്രശ്നങ്ങളെ നേരിടുന്നതിനായി ആവിഷ്ക്കരിച്ച പദ്ധതിയിൽ ഗ്രാമ പഞ്ചായത്തിൻെറ വിവിധയിടങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്ന പ്രവണത ഇല്ലാതാക്കുന്നതിന് നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് ടെൻണ്ടർ ക്ഷണിച്ച് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത നെരിയ ടെക്നോളജീസിൽ നിന്നും ക്യാമറകൾ വാങ്ങി സബ്കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം കണ്ണനല്ലൂർ ആയുർവ്വേദ ആശുപത്രി ഉൾപ്പെടെ ഗ്രാമ പഞ്ചായത്തിൻെറ നാലു ഭാഗങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുകയുണ്ടായി. കണ്ണനല്ലൂർ ആയുർവ്വേദ ആശുപത്രിയിൽ സ്ക്രീൻ സ്ഥാപിച്ച് ഏറെക്കുറെ തുടർ നിരീക്ഷണങ്ങൾ ഉണ്ടെങ്കിലും മറ്റു ഭാഗങ്ങളിൽ ഇപ്രകാരം യാതൊരു തുടർ നിരീക്ഷണവുമില്ല. സ്ക്രീനുകൾ എവിടെയൊക്കെ സ്ഥാപിച്ചുവെന്നതു സംബന്ധിച്ച് യാതൊരു രേഖയും ഇല്ല. അതുകൊണ്ട് തന്നെ എന്തിനു വേണ്ടിയാണോ ക്യാമറ സ്ഥാപിച്ചത് ആ ലക്ഷ്യം കൈവരിച്ചില്ലായെന്നു തന്നെ പറയാം. നിരീക്ഷണ ക്യാമറയിലൂടെ ലഭിക്കുന്ന ദൃശ്യങ്ങൾ ഗ്രാമപഞ്ചായത്തിന് നേരിട്ടു ലഭിക്കു വിധം സംവിധാനമൊരുക്കി പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം ഫലപ്രാപ്തിയിലെത്തിക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. മേൽ പരാമർശിച്ച കാരണങ്ങളാൽ ഈയിനത്തിൽ ചെലവഴിച്ച 2,81,997/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

<u>ഓഡിറ്റ് എൻക്വയറി നം. -16/27.7.2019/മറുപടി ലഭിച്ചില്ല.</u>
<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക – 2,81,997/-രൂപ</u>

## 3-14 ധനകാര്യ കമ്മീഷൻ ഗ്രാൻറിൽ നിന്നും തുക വകയിരുത്തിയിട്ടും ചെലവഴിക്കാതെ തനതു ഫണ്ടിൽ നിന്നും മാത്രം തുക ചെലവഴിച്ചു.

പദ്ധതി - തെരുവ് വിളക്കുകൾക്ക് ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കുക

അടങ്കൽ - ധനകാര്യ കമ്മീഷൻ ഗ്രാൻറ് -4,50,000/-രൂപ,
തനതു ഫണ്ട്- 3,50,000/-രൂപ (ആകെ – 8,00,000/-രൂപ)

ചെലവ് - 3,50,000/-രൂപ (തനതു ഫണ്ട്) ചെക്ക് നം.02536614/ 29.3.2019)

നിർവ്വഹണം – സെക്രട്ടറി

പദ്ധതി മാനദണ്ഡങ്ങൾക്കു വിരുദ്ധമായി ധനകാര്യ കമ്മീഷൻ ഗ്രാൻറിൽ നിന്നും തുക വകയിരുത്തിയിട്ടും പദ്ധതിക്കായി തനതു ഫണ്ടിൽ നിന്നും മാത്രം തുക ചെലവഴിച്ചു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ധനകാര്യ കമ്മീഷൻ ഗ്രാൻറ് അലോട്ട്മെന്റ് തീർന്നു പോയതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്ന് മറുപടിയാണ് ലഭിച്ചത്. പദ്ധതി അടങ്കൽ തുക വകയിരുത്തുമ്പോൾ ആനുപാതികമായി എല്ലാ ഫണ്ടും ഉണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. ഒരു പദ്ധതിക്കായി വകയിരുത്തിയ തുക പദ്ധതി നടപ്പാക്കുംമുൻപേ തീർന്നു പോകുന്നത് എപ്രകാരമെന്ന് വ്യക്തമല്ല. എ.സി.ആർ. അനുസരിച്ച് 28,43,072/-രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നീക്കിയിരിപ്പ് ഉണ്ട്. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം.18/27.06.2019**

## 3-15 മഴക്കാല പൂർവ ശുചീകരണം – മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചില്ല.

മൺസൂൺകാലത്ത് കേരളത്തിൽ പകർച്ച വ്യാധികൾ പടർന്ന് പിടിക്കാതിരിക്കാനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനാണ് മഴക്കാല പൂർവ്വ ശുചിത്വ കാമ്പയിൻ സംഘടിപ്പിച്ചിട്ടുള്ളത്. ടി ശുചിത്വ കാമ്പയിൻ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ 16.3.2017-ലെ നം.127/17/ത.സ്വ.ഭ.വ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. സർക്കുലർ നിർദ്ദേശമനുസരിച്ച് വാർഡ് തല ശുചിത്വ സമിതി കൂടി വിശദമായ ചർച്ചകൾ നടത്തി വാർഡ് തലപ്രവർത്തന രേഖ തയ്യാറാക്കി പഞ്ചായത്ത് സമിതി, അനിവാര്യമായ ഭേദഗതികൾ ഉണ്ടെങ്കിൽ അംഗീകരിച്ച് കാര്യാലയത്തിൽ സൂക്ഷിക്കേണ്ടതും പകർപ്പ് ശുചിത്വ സമിതികൾക്ക് തിരികെ നൽകണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. മഴക്കാല പൂർവ ശുചിത്വ കാമ്പയിനുകളും പ്രവർത്തനങ്ങളും കൃത്യമായും സമയ ബന്ധിതമായും നടക്കുന്നുണ്ടെന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ ഉറപ്പാക്കണമെന്നും, 2017 ജൂൺ 30- ന് മുൻപ് ചെലവഴിക്കപ്പെടുന്ന തുക മാത്രമേ മഴക്കാലപൂർവ ശുചീകരണത്തിന് ചെലവഴിക്കപ്പെട്ടതായി കണക്കാക്കുകയുള്ളുവെന്നും സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തിൽ ഇവയൊന്നും പാലിച്ചിട്ടില്ല. മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനത്തിനായി 23 വാർഡുകളിലേക്ക് 10,000/-രൂപ വീതം ആകെ 2,30,000/-രൂപ (വൗച്ചർ നം. 21700288/29.6.18) 2018ജൂൺ 2-ാം തീയതി മാത്രമാണ് മെഡിക്കൽ ഓഫീസർ പി.എച്ച്.സി ക്ക് നൽകിയത്. അതിനാൽ തന്നെ മൺസൂൺ ആരംഭിച്ചതിനു ശേഷമാണ് പ്രീ-മൺസൂൺ ശുചീകരണപ്രവർത്തനങ്ങൾ ആരംഭിച്ചതെന്നു വ്യക്തമാണ്.

1.സർക്കുലർ നിർദ്ദേശ പ്രകാരം വാർഡ് തല സമിതികൾ ചേർന്ന് പ്രവർത്തനരേഖ തയ്യാറാക്കിയതായുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

2.ഹാജരാക്കിയ ചെലവ് രേഖകൾ പൂർണ്ണമല്ല.

3.പദ്ധതിയുടെ മോണിറ്ററിംഗ് ഒരു ഘട്ടത്തിലും നടത്തിയിട്ടില്ല.

4.മുൻ വർഷത്തെ തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് തുക നൽകേണ്ടതെങ്കിലും ഇത് പാലിച്ചിട്ടില്ല.

5.ക്ലീനിംഗ്, ഉറവിട നശീകരണം, കിണർ ക്ലോറിനേഷൻ എന്നിങ്ങനെ ചെലവ് രേഖപ്പെടുത്തി തുക നൽകിയിട്ടുണ്ടെങ്കിലും ബ്ലീച്ചിംഗ്പൗഡർ വാങ്ങിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| വാർഡ് നം. | ചെയ്ത പ്രവർത്തികൾ | ആകെ ചെലവായ തുക (രൂ) | റിമാർക്സ് |
|---|---|---|---|
| 1 | ഉറവിട നശീകരണം, കിണർ ക്ലോറിനേഷൻ | 10,000/- | |
| 2 | ഉറവിട നശീകരണം, കിണർ ക്ലോറിനേഷൻ, ലേബർ ചാർജ് | 10,000/- | |
| 3 | ഉറവിട നശീകരണം, കിണർ ക്ലോറിനേഷൻ | 10,000/- | |
| 4 | ഉറവിട നശീകരണം, കിണർ ക്ലോറിനേഷൻ | 10,000/- | |
| 5 | ഉറവിട നശീകരണം, കിണർ ക്ലോറിനേഷൻ, | 10,000/- | |
| 6 | ഉറവിട നശീകരണം, കിണർ ക്ലോറിനേഷൻ | 8559/- (1441/-രൂപ ചെലവഴിക്കാൻ ബാക്കി) | |
| 7 | ലേബർ ചാർജ് | 10,000/- | |
| 8 | ഉറവിട നശീകരണം | 10,000/- | |
| | | | |

| | | | |
|---|---|---|---|
| 9 | ഉറവിട നശീകരണം, | 10,000/- | |
| 10 | ഉറവിട നശീകരണം,<br>കിണർ ക്ലോറിനേഷൻ,<br>വല വിതരണം,<br>വല വാങ്ങൽ- നിറം ടെയ്ലറിംഗിൻെറ 5,000/- രൂപയുടെ വൗച്ചർ | 10,000/- (10,300/- രൂപയുടെ ചെലവ്, 300/- രൂപ മുൻ ബാക്കി) | |
| 11 | ഉറവിട നശീകരണം,<br>കിണർ ക്ലോറിനേഷൻ,<br>വല വിതരണം, | 16,500/- രൂപയുടെ ചെലവ് 6,500/-രൂപ മുൻബാക്കി | |
| 12 | ഉറവിട നശീകരണം,<br>കിണർ ക്ലോറിനേഷൻ | 10,000/- | |
| 13 | ഉറവിട നശീകരണം,<br>കിണർ ക്ലോറിനേഷൻ,<br>മാലിന്യ നിർമ്മാർജ്ജനം | 10,000/- | |
| 14 | ഉറവിട നശീകരണം | 10,585/- | 10,585/-രൂപയുടെ ചെലവ് 585/-രൂപയുടെ മുൻബാക്കി |
| 15 | ഉറവിട നശീകരണം | 10,000/- | |
| 16 | ഉറവിട നശീകരണം | 10,000/- | തുക ലഭിച്ചത് 29.6.2017 നാണെങ്കിലും പ്രവൃത്തികൾ |

| | | | |
|---|---|---|---|
| | | | 5/2017 മുതൽ 12/17 വരെ നടത്തി |
| 17 | ഉറവിട നശീകരണം | 10,000/- | ജൂലൈ 2017 മുതൽ ഒക്ടോബർ 2017 വരെ പ്രവൃത്തികൾ നടത്തി |
| 18 | ഉറവിട നശീകരണം | 10,000/- | ജൂലൈ 2017 മുതൽ സെപ്റ്റംബർ 2017 വരെ പ്രവൃത്തികൾ നടത്തി |
| 19 | ഉറവിട നശീകരണം | 10,000/- | ജനുവരി 2018, ഫെബ്രുവരി 2018 എന്നീ മാസങ്ങളിൽ പ്രവൃത്തികൾ നടപ്പാക്കി |
| 20 | ഉറവിട നശീകരണം, കിണർ ക്ലോറിനേഷൻ | 10,000/- | ജനുവരി 2018, ഫെബ്രുവരി 2018, മാർച്ച് 2018എന്നീ മാസങ്ങളിൽ പ്രവൃത്തികൾ നടപ്പാക്കി |
| 21 | ഉറവിട നശീകരണം, കിണർ ക്ലോറിനേഷൻ, വല വാങ്ങൽ(ബിൽ നം.026/9.3.18, 5145 രൂപ, എ1 ഫാബ്രിക്സ്) | 10,000/- | ജനുവരി 2018, ഫെബ്രുവരി 2018 , മാർച്ച് 2018 എന്നീ മാസങ്ങളിൽ പ്രവൃത്തികൾ നടപ്പാക്കി |
| 22 | ഉറവിട നശീകരണം, റോഡ് സൈഡ് ക്ലീനിംഗ് | 10,000/- | ജനുവരി 2018, ഫെബ്രുവരി 2018 എന്നീ മാസങ്ങളിൽ പ്രവൃത്തികൾ നടപ്പാക്കി |
| 23 | ഉറവിട നശീകരണം, കിണർ ക്ലോറിനേഷൻ | 10,000/- (7848/- രൂപയുടെ ചെലവ്) | നവംബർ 2017, ജനുവരി 2018 എന്നീ മാസങ്ങളിൽ പ്രവൃത്തി നടപ്പാക്കി |

മഴക്കാല പൂർവ്വ ശുചീകരണ പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. ആവശ്യമായ തുക മെഡിക്കൽ ഓഫീസർക്ക് കൃത്യസമയം കൈമാറാത്തതിനാൽ ഗ്രാമപഞ്ചായത്ത് അധികൃതരും ഈ വിഷയത്തിൽ തുല്യ പങ്കാളിത്തം വഹിക്കുന്നു.

## 3-16 30 സെന്റ് നെൽകൃഷി ചെയ്തത വ്യക്തിയ്ക്ക് 100 സെന്റ് നെൽകൃഷി ചെയ്തതിന്റെ ആനുകൂല്യം നൽകി.

ശ്രീ.മണികണ്ഠൻപിള്ള, കരോട്ടുവീട് ചെന്താപ്പൂര് എന്ന കർഷകന് 100 സെന്റ് നെൽകൃഷി ചെയ്തതിനു 9050/-രൂപ സബ്സിഡി നൽകിയിട്ടുണ്ട്. (ജൈവവളം-2250/-, (പ്ലാൻ ഫണ്ട്-ബിൽനം.1/23.07.18) ഉഴവുകൂലി-6800/-(ബ്ലോക്ക് വിഹിതം ചെക്ക്നം:307682/ 27.09.18:25500/-) ശ്രീ.മണികണ്ഠൻ പിള്ള പാട്ട വ്യവസ്ഥയിൽ കൃഷി ചെയ്യുന്ന കർഷകനാണ്.ശ്രീ.മണികണ്ഠൻപിള്ള ഹാജരാക്കിയ പാട്ട കൃഷി ചെയ്യുന്നത് സംബന്ധിച്ച പാട്ട ഉടമയുമായുള്ള കേസിന്റെ (IA834/2012 IN OSNO.127/2012) ജഡ്ജ്മെന്റിൽ 90/6-7സർവ്വേ നമ്പറിൽ പെട്ട കൃഷി സ്ഥലത്തിൽ ശ്രീമതി.പ്രസീദ ഓമനക്കുട്ടൻ 70 സെന്റ് കൃഷി ചെയ്തു വരുന്നതായും, ശ്രീ.മണികണ്ഠൻ പിള്ള 30 സെന്റിലും, ശ്രീ ബാലകൃഷ്ണപിള്ള 40 സെന്റിലും കൃഷി ചെയ്തു വരുന്നു എന്നാണ് ഉത്തരവിൽ പറയുന്നത്. എന്നാൽ ശ്രീ.മണികണ്ഠൻ പിള്ള ഹാജരാക്കിയ കരച്ചീട്ട് പ്രകാരം (90/6-02.2ar,90/7-63.40ar) 100സെന്റ് കൃഷി ചെയ്തതതിനു സബ്സിഡി നല്കുകയായിരുന്നു. പാട്ടത്തിനു എടുത്ത കൃഷിഭൂമിയുടെ ഉടമയായ ശ്രീ.വേലായുധൻപിള്ള – നാരായണപിള്ളയുടെ കരചീട്ട ഹാജരാക്കിയാണ് ശ്രീ.മണികണ്ഠൻപിള്ളയ്ക്ക് സബ്സിഡി നൽകിയിരിക്കുന്നത്. 30 സെന്റ് മാത്രം കൃഷി ചെയ്ത ശ്രീ.മണികണ്ഠൻപിള്ളയ്ക്ക് 100 സെന്റ് കൃഷി ചെയ്തതായി കാണിച്ച് തുക നൽകിയത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ കൃഷി ചെയ്യാത്ത 70സെന്റിന്റെ തുകയായ 6,335/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥ തിരികെ ഒടുക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. – 1/18.06.19**

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രോജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1000000 | പകൽവീട് നിർമ്മാണം 60/18-19 | 0 | 1000000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 553230 | ബഡ്സ് സ്കൂൾ ബിൽഡിംഗ് 214/18-19 | 0 | 553230 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 620500 | നെൽകൃഷി 132/18-19 | 350132 | 270368 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 233200 | ഭിന്നശേഷി സ്കോളർഷിപ്പ് 11/18- | 233200 | 0 |

| | | | | | |
|---|---|---|---|---|---|
| | | | 19 | | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 3500000 | ലൈഫ് പദ്ധതി (ജനറൽ)37/18-19 | 3500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1213221 | ലൈഫ് പദ്ധതി(എസ്.സി.പി) 44/18-19 | 1210137 | 3084 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 100000 | അനുപൂരക പോഷകാഹാരം 12/18-19 | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 245700 | ഭിന്നശേഷി സ്കോളർഷിപ്പ് 11/18-19 | 245700 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 2583348 | ലൈഫ് പദ്ധതി (ജനറൽ) 12/18-19 | 2583348 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1289989 | ലൈഫ് പദ്ധതി(എസ്.സി.പി) 44/18-19 | 1289989 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 100000 | അനുപൂരക പോഷകാഹരം 12/18-19 | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 300000 | ക്ഷീര സംഘം സബ്സിഡി 144/18-19 | 300000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21801649/ 29.3.19 | 4,87,777 | - | 4,87,777 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,03,81,960 |
| തൻവർഷം നിക്ഷേപിച്ച തുക | 6,04,660 |
| ആകെ | 1,09,86,620 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,09,86,620 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1. | തൃക്കോവിൽവട്ടം സർവ്വീസ് സഹകരണ ബാങ്ക് | 22.3.19 | 6 മാസം | 56,17,560/- | |
| 2. | കേരള ഗ്രാമീൺ ബാങ്ക്, കണ്ണനല്ലൂർ | 29.3.2019 | 6 മാസം | 53,55,560/- | |
| 3. | ഷെയർ സർട്ടിഫിക്കറ്റ് | | | 13,500/- | |
| ആകെ | | | | | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല.

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 539038875 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 275951348 |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 377522 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 561164 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 342133/- | ജയചന്ദ്രൻ നായർ, സെക്രട്ടറി |
| 3-2 | | 20589/- | ഷീല, അസി. എൻജിനീയർ |
| 3-7 | | 6750/- | ഡോ.കോളിൻ.ബി.ഫെർണാണ്ടസ് , മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-10 | | 1715/- | ജോൺ ഡെസ്മൺ,അസി. സെക്രട്ടറി |
| 3-16 | | 6335/- | റജീന ജേക്കബ്,കൃഷി ഓഫീസർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 17,106/- | ഡോ.ഹീരാ രത്നം , മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| 3-10 | 35,648/- | ജോൺ ഡെസ്മൺ,അസി. സെക്രട്ടറി |
| 3-11 | 2,26,413/- | ജലീലാബീവി. എം , ഹെഡ്മിസ്ട്രസ് |
| 3-13 | 2,81,997/- | ജയച്ചന്ദ്രൻ നായർ, സെക്രട്ടറി |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജയചന്ദ്രൻ നായർ, സെക്രട്ടറി | സെക്രട്ടറി | തുണ്ടിൽ വീട്, പള്ളിമൺ പി ഒ, കൊല്ലം-691576 |
| ഷീല.എസ്, അസി. എൻജിനിയർ | അസി. എൻജിനിയർ | രാജു വിലാസം, പെരുമ്പുഴ.പി.ഒ, കൊല്ലം |
| ഡോ.കോളിൻ.ബി. ഫെർണാണ്ടസ് , മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | അഞ്ജലി നഗർ -45, പള്ളിത്തോട്ടം, കൊല്ലം |
| റജീന ജേക്കബ്, കൃഷി ഓഫീസർ | പാഡി മാർക്കറ്റിംഗ് ഓഫീസർ, മാങ്കൊമ്പ്, ആലപ്പുഴ | ഫെയർ വ്യൂ, ആലാട്ട്കാവ് നഗർ 184/ബി, കാവനാട്, പി ഒ |
| ജോൺ ഡെസ്മൺ,അസി. സെക്രട്ടറി | അസി. സെക്രട്ടറി | ഡ്രീംസ് ഡെയിൽ, മങ്ങാട് പി ഒ |
| ജലീലാബീവി. എം , ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ് | പുത്തൻവീട്, മോതിൻമുക്ക്, ആലുമൂട് പി ഒ |
| ഡോ. ഹീരാ രത്നം മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | സായി കൃഷ്ണ, അമ്മൻനഗർ – 80 ബി, പട്ടത്താനം പി. ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | കെ.എസ്.എ.കെ.എൽ.എം.പി.7- | 7 |

| | | |
|---|---|---|
| | 416/18;26.02.2018 | |
| 1997-98 | കെ.എസ്.എ.കെ.എൽ.എം.പി.7-416/18;26.02.2018 | 1 |
| 1998-99 | കെ.എസ്.എ.കെ.എൽ.എം.പി.7-416/18;26.02.2018 | 3 |
| 1999-00 | കെ.എസ്.എ.കെ.എൽ.എം.പി.7-416/18;26.02.2018 | 3 |
| 2000 – 01 | കെ.എസ്.എ.കെ.എൽ.എം.പി.7-416/18;26.02.2018 | 7 |
| 2001-02 | കെ.എസ്.എ.കെ.എൽ.എം.പി.7-416/18;26.02.2018 | 7 |
| 2002-03 | കെ.എസ്.എ.കെ.എൽ.എം.പി.7-416/18;26.02.2018 | 3 |
| 2003-04 | കെ.എസ്.എ.കെ.എൽ.എം.പി.7-416/18;26.02.2018 | 9 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം.പി.7-416/18;26.02.2018 | 6 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം.പി.7-416/18;26.02.2018 | 6 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം.പി.7-807(1)/19, തീ 12.6.19 | 19 |
| 2007-08 | കെ.എസ്.എ.കെ.എൽ.എം.പി.7-807(2)/19, തീ 12.6.19 | 24 |
| 2008-09 | കെ.എസ്.എ.കെ.എൽ.എം.പി.7-807(3)/19, തീ 12.6.19 | 10 |
| 2009-10 | കെ.എസ്.എ.കെ.എൽ.എം.പി.7-807(4)/19, തീ 12.6.19 | 3 |
| 2010-11 & 2011-12 | കെ.എസ്.എ.കെ.എൽ.എം.പി.7-807(5)/19, തീ 12.6.19 | 17 |
| 2012-13 | എൽ.എഫ്.ക്യൂ.പി7-365/15;22.04.2015 | 12 |
| 2013-14 & 2014-15 | എൽ.എഫ്.ക്യൂ.പി7-1574/15;19.10.2015 | 16 |
| | | 14 |

| | | |
|---|---|---|
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി.8-1797/16; | |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി.7-1727/17;20.10.17 | 23 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി.7-1452/18 ; 05.12.18 | 24 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് അടിയന്തിരനപടികൾ സ്വീകരിക്കേണ്ടതാണ്.

*ഡെപ്യൂട്ടി ഡയറക്ടർ*
*ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം*

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം 2018-19

കെ.എസ്.എ. കെ.എൽ.എം - പി.7/976/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
ഫോൺ. 0474-2740141
E-mail: doklm.ksad@kerala.gov.in

തീയതി -30-8-19

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ **തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിന്റെ 2018-19** സാമ്പത്തികവർഷത്തെലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

No.KSA.KLM.P7 – 976 /2019 , Dated –30-8-19

**AUDIT CERTIFICATE 2018-19**

Certified that I have examined the Annual Financial Statement of **Thrikkovilvattom Grama Panchayath** for the year ended on 31.03.2019 in Kollam District in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of The Kerala Panchayat Raj Act 1994; the rule made there under and the guidelines issued by The Comptroller and the Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion the financial statements of **Thrikkovilvattom Grama Panchayath** for the year **2018-19** subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

**DEPUTY DIRECTOR**
Kerala State Audit Department
District Office, Kollam

## അനുബന്ധം-2 അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**